*15-10-2026*
*Submission*

**സബ്മിഷൻ**

(1) <u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള വികസനം</u>

<u>ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ</u>: സർ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ഒരു പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. തുടക്കത്തിൽ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ 3050 മീറ്ററായിരുന്നു. എന്നാൽ വലിയ വിമാനങ്ങൾ കൂടി അവിടെ ഇറക്കണമെന്ന ഉദ്ദേശ്യം വച്ചുകൊണ്ട് റൺവേയുടെ നീളം 4000 മീറ്ററായി ഉയർത്താൻ തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കീഴല്ലൂർ വില്ലേജിലെ കാനാട് പ്രദേശത്തുനിന്ന് 250 ഏക്കർ ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി 2018-ൽ 4(1) നോട്ടിഫിക്കേഷനും 2020-ൽ 11(1) നോട്ടിഫിക്കേഷനും പ്രസിദ്ധീകരിച്ചു. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും അവിടെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയില്ല. മാത്രമല്ല, 11(1) നോട്ടിഫിക്കേഷൻ നിലവിലുള്ളതുകൊണ്ട് അവിടെയുള്ള കെട്ടിടങ്ങളിൽ

*15-10-2026*

## *Submission*

അറ്റകുറ്റപ്പണികൾ നടത്താനോ ഏതെങ്കിലും രീതിയിൽ കൃഷി ചെയ്യാനോ അവർക്ക് സാധിക്കുന്നില്ല. 250 ഏക്കറോളം വരുന്ന പ്രദേശം കാട് മൂടികിടക്കുന്ന അവസ്ഥയാണ്. കൃഷി ചെയ്യാൻ സാധിക്കുന്നില്ല; നികുതി സ്വീകരിക്കുന്നില്ല. അവിടെയുള്ള വീടുകളിലെ കുട്ടികൾക്ക് കല്യാണമായാൽ ആ വീട് അറ്റകുറ്റപ്പണികൾ ചെയ്യണമെങ്കിൽ പഞ്ചായത്തിന്റെ അനുവാദം ലഭിക്കുന്നില്ല. ഈയിടെ ആ പ്രദേശത്തുകൂടി ഞാൻ പോകുന്ന സമയത്ത് അവിടെയുള്ള ജനങ്ങൾ ഈ കാര്യങ്ങൾ പറയുന്നതിനുവേണ്ടി വളരെ സ്നേഹത്തോടെ എന്നെ തടഞ്ഞുവച്ചു. അവരെല്ലാവരും എന്നെ വളഞ്ഞുനിന്ന് പറഞ്ഞത് ഇതിന് ഒരറുതി വരുത്തണം. കാരണം കൃഷി ചെയ്യാനും വീടുകളിൽ കയറാനും അവർക്ക് സാധിക്കുന്നില്ല. വലിയ ഇടത്തരക്കാരുടെ വീടുകൾപോലും പ്രാകൃതമായ അവസ്ഥയിലാണ്. 2018 മുതൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായിട്ടും സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കിയിട്ടില്ല. അവിടെ കാട്ടു മൃഗങ്ങൾ വിഹരിക്കുകയും പാമ്പുകൾ വീടിനുള്ളിലേക്ക് കയറുകയും ചെയ്യുന്ന സാഹചര്യമായതിനാൽ അവിടെ താമസിക്കുന്നവർ വളരെയധികം

15-10-2026

Submission

ദുരിതത്തിലാണ്. കാട് വെട്ടിത്തെളിക്കാൻ ആരും സന്നദ്ധരാകുന്നില്ല. വീടിന്റെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് പഞ്ചായത്തിൽ നിന്നും അനുവാദം ലഭിക്കുന്നില്ല. ഇത് വളരെയധികം ഗുരുതരമായ പ്രശ്നമാണ്. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഒരു വിഷയമാണിത്. ഇത്തരം പ്രശ്നത്തിലുള്ള 158 വീടുകളാണ് അവിടെയുള്ളത്. ഈ വീടുകളിൽ താമസിക്കുന്നവർ ഏറെ ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വീടിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുപോലും അനുമതി ലഭിക്കാത്ത സാഹചര്യമാണുള്ളത്. വീടുകൾ ഏറ്റെടുക്കാനുള്ള നടപടികൾ നിലനിൽക്കുന്നതിനാൽ സ്വന്തം പണം ചെലവഴിച്ച് അറ്റകുറ്റപ്പണി നടത്താനും ആരും തയ്യാറാകുന്നില്ല. അങ്ങനെയുള്ളൊരു വല്ലാത്ത അവസ്ഥയാണ് അവിടെ നിലനിൽക്കുന്നത്. ഈ 158 കുടുംബങ്ങൾക്ക് പാക്കേജ് പ്രഖ്യാപിച്ച് നഷ്ടപരിഹാരം നൽകാൻ സാധിക്കണം. ദൗർഭാഗ്യവശാൽ അവിടത്തെ ലാൻഡ് അക്വിസിഷൻ ഓഫീസ് പൂട്ടിപ്പോയി. വലിയൊരു അനീതിയാണ് അവിടത്തെ ജനതയോട് ചെയ്യുന്നത്. ഇത് പരിഹരിക്കണം. യു.ഡി.എഫ്. സർക്കാർ ഭരണത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ഗവൺമെന്റിന്റെ

ഭരണകാലത്തുള്ള ഇത്തരം അനീതികൾ പരിഹരിക്കാമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. മുഖ്യമന്ത്രി കണ്ണൂർ വന്നപ്പോൾ ഇവിടത്തെ ആളുകൾ മുഖ്യമന്ത്രിയെ സന്ദർശിക്കാൻ വന്നു. വലിയ തിരക്കുകൾക്കിടയിലും മുഖ്യമന്ത്രി അവരെ കാണുകയും അവരുടെ ആവശ്യം വളരെ ന്യായമാണെന്ന് ബോധ്യപ്പെട്ടെന്ന് അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വളരെ സന്തോഷത്തോടെയാണ് അവർ തിരിച്ചുപോയത്. പക്ഷെ ഇന്നുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, അവിടത്തെ ഓഫീസ് പോലും അടച്ചുപൂട്ടേണ്ട സാഹചര്യമാണുണ്ടായിട്ടുള്ളത്.

മി.സ്പീക്കർ: യെസ്... യെസ്...

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ ചുരുക്കുകയാണ്. ഈ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കണം. അവിടെയുള്ള വീടുകൾ സംരക്ഷിക്കുന്നതിനും കൃഷി തുടരുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കണം. ഭൂമി കാടുമൂടിക്കിടക്കുന്നതിനാൽ ഇപ്പോൾ കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നത്. അവിടത്തെ പ്രശ്നങ്ങൾ മുഖ്യമന്ത്രി നേരിട്ട് കണ്ടു മനസ്സിലാക്കിയിട്ടുള്ളതുമാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണ

15-10-2026

Submission

കാലത്ത്, ജനങ്ങൾ ഈ വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. മുൻ മുഖ്യമന്ത്രിയുടെ വീടിന് സമീപത്തായാണ് ഈ പ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നത്. അവിടെ നിന്നും മുൻ മുഖ്യമന്ത്രിയെ കാണാത്തവരായി ആരുമില്ല. നാട്ടുകാരും പാർട്ടി പ്രവർത്തകരും അദ്ദേഹത്തെ നേരിൽക്കണ്ട് പലതവണ പ്രശ്നങ്ങൾ ധരിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നും തിരുവനന്തപുരത്തെത്തിയും നിവേദനങ്ങൾ നൽകിയിട്ടുണ്ട്. 10 വർഷം പിന്നിട്ടിട്ടും ഈ പ്രശ്നത്തിന് യാതൊരു പരിഹാരവും കണ്ടെത്തിയിട്ടില്ല. ഇപ്പോഴും 158 കുടുംബങ്ങൾ വിമാനത്താവള വികസനത്തിന്റെ പേരിൽ നരകയാതന അനുഭവിക്കുകയാണ്. ഒരു കാര്യംകൂടി പറയുകയാണ്, ഈ വിമാനത്താവളം യാഥാർഥ്യമായപ്പോൾ വലിയ സ്വപ്നമാണ് ജനങ്ങൾക്ക് ഉണ്ടായിരുന്നത്. അവിടെ വലിയ വിമാനങ്ങൾ പറന്ന് ഇറങ്ങുമെന്ന് അന്ന് പറഞ്ഞിരുന്നു. പക്ഷെ പത്ത് വർഷമായിട്ടും അത് പ്രാവർത്തികമാക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. വിമാനത്താവളത്തിന്റെ വികസനത്തിനുവേണ്ടി ഏറ്റെടുക്കാൻ നിശ്ചയിച്ചിട്ടുള്ള ഭൂമിക്കും വീടുകൾക്കും നഷ്ടപരിഹാരം നൽകണം.

ആദ്യഘട്ടത്തിൽ ഇതിനായി കോമ്പൻസേഷൻ പാക്കേജുണ്ടായിരുന്നു. വിമാനത്താവള വികസനത്തിനായി ഏറ്റെടുക്കുന്ന വീടുകളിലെ ആളുകൾക്ക് പുനരധിവസിക്കാനുള്ള സ്ഥലവും തൊഴിലും ലഭ്യമാക്കുക എന്നതായിരുന്നു ആദ്യഘട്ട പാക്കേജ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ആദ്യഘട്ട പാക്കേജിന്റെ അടിസ്ഥാനത്തിൽ 158 കുടുംബങ്ങളെയും 250 ഏക്കർ കൃഷിഭൂമിയും ഏറ്റെടുത്ത് ഈ പ്രശ്നത്തിന് എത്രയും പെട്ടെന്ന് പരിഹാരം കാണാൻ ശ്രമിക്കണം എന്നാണ്. ഇക്കാര്യം പല തവണ പല വേദികളിലൂടെ ഉന്നയിച്ചിട്ടുണ്ടെങ്കിലും നടക്കാത്ത കാര്യമാണ്. ഈ പ്രശ്നം പരിഹരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചാൽ തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തൊപ്പിയിലെ പൊൻ തൂവലായിരിക്കും ഇത് എന്നതിന് സംശയമില്ല. അതിന് മുഖ്യമന്ത്രി സന്നദ്ധൻ ആകണമെന്നൊരു അഭ്യർത്ഥനയാണ് എനിക്കുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കലിൽ കുറച്ച് പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഇതിന്റെ റൺവെ 4000 മീറ്ററായി ദീർഘിപ്പിക്കുന്നതിന് 99.92 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 27-12-2016-ലെ ഉത്തരവ് പ്രകാരം സർക്കാർ

## *Submission*

ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഭൂമി ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് എയർപോർട്ടിനുവേണ്ടി ആദ്യഘട്ടത്തിൽ ഭൂമി ഏറ്റെടുക്കുമ്പോൾ അനുവദിച്ച പാക്കേജ് അല്ലെങ്കിൽ 15 ലക്ഷം രൂപ അനുവദിക്കണമെന്ന ആവശ്യം അംഗീകരിക്കാത്തതിനെത്തുടർന്ന് ഇതുമായി ബന്ധപ്പെട്ട ആളുകൾ ആ ഹിയറിങ് നടപടികൾ ബഹിഷ്കരിക്കുകയും നിവേദനം സമർപ്പിക്കുകയും ചെയ്തിരുന്നു. കുടിയിറക്കപ്പെടുന്ന കുടുംബങ്ങൾക്ക് കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ ആൻഡ് സേഫ്റ്റി ഏരിയയ്ക്ക് ഭൂമി ഏറ്റെടുത്തതിന് അനുവദിച്ച നഷ്ടപരിഹാര പാക്കേജിന് സമാനമായി 10 ലക്ഷം രൂപ മാത്രം പ്രത്യേക പുനരധിവാസ പാക്കേജ് അംഗീകരിച്ച് ഉത്തരവായിരുന്നു. എന്നാൽ കുടിയിറക്കപ്പെടുന്ന കുടുംബങ്ങൾ ഈ പാക്കേജിൽ സംതൃപ്തരല്ലെന്ന് അറിയിച്ചിരുന്നു. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള റൺവേ 3050 മീറ്ററിൽ നിന്നും 4000 മീറ്ററായി ദീർഘിപ്പിക്കുന്നതിന് കീഴല്ലൂർ വില്ലേജിലെ 99.92 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 942 കോടി 93 ലക്ഷം രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നതായി കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് വരികയാണ്. ഞാൻ നിയമസഭാംഗമായിരുന്ന കാലത്ത്  ഇവിടെ സബ്മിഷനായി ഉന്നയിച്ച ഒരു വിഷയമാണിത്. ഇതുവരെയും ഈ പ്രശ്നത്തിന് പരിഹാരമാകാത്തത് ഏറെ സങ്കടകരമാണ്. ഭൂമിയേറ്റെടുക്കൽ നോട്ടിഫിക്കേഷൻ ഇറങ്ങിയെങ്കിലും ഭൂമി ഇതുവരെയും ഏറ്റെടുത്തിട്ടില്ല. വീടുകളൊക്കെ തകർന്നു തുടങ്ങി. ഞാൻ ആ പ്രദേശം

15-10-2026

Submission

സന്ദർശിച്ചതാണ്. 2017-ൽ വിമാനത്താവളത്തിന്റെ ചുറ്റുമതിൽ മഴവെള്ളപ്പാച്ചിലിൽ തകർന്ന് ഏഴ് വീടുകൾക്ക് നാശനഷ്ടമുണ്ടായി. യുദ്ധകാലാടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുമെന്ന് പറഞ്ഞിട്ടും ഭൂമി ഏറ്റെടുത്തിട്ടില്ല. ആ ഭൂമി റൺവെയുടെ വികസനത്തിന് ഒരു കാരണവശാലും യോജിച്ചതല്ല. കാരണം ഉയർന്ന പ്രദേശത്തുനിന്ന് താഴേക്ക് ചരിഞ്ഞുകിടക്കുന്ന ഭൂമിയാണ്. അവിടെ റൺവെ നിർമ്മിക്കണമെങ്കിൽ അത്രമാത്രം ഉയരത്തിൽ മണ്ണ് ഫിൽ ചെയ്ത് ഉയരം ക്രമീകരിക്കേണ്ടിവരും. അതുകൊണ്ട് ഇത് റൺവെയ്ക്ക് ഒട്ടും യോജിച്ച ഭൂമിയല്ല. എന്തിനാണ് ആ പ്രദേശത്തെ ഭൂമി ഏറ്റെടുക്കുന്നതിനായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ജനങ്ങളെ ബുദ്ധിമുട്ടിച്ചതെന്ന് ഇപ്പോഴും മനസ്സിലാകുന്നില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. പരിശോധിച്ചശേഷം ജനങ്ങളെ ആ ബുദ്ധിമുട്ടിൽ നിന്നും ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് തീരുമാനിക്കുന്നതാണ്. എത്രയും പെട്ടെന്ന് ആ തീരുമാനമുണ്ടാകും. മറ്റ് സ്ഥലത്ത് എടുത്തിരിക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട പാക്കേജിന്റെ കാര്യത്തിൽ ആ ഭൂമി നഷ്ടപ്പെട്ടവരുമായി ഒന്നുകൂടി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കുന്നതിനുള്ള തീരുമാനമുണ്ടാകും. ബഹുമാന്യനായ എം.എൽ.എ. കൂടി അക്കാര്യത്തിൽ മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

*15-10-2026*

*Submission*

(2) <u>കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സമഗ്ര വികസനം</u>

<u>ശ്രീ. പി. കെ. ഫിറോസ്</u>: സർ, മലബാറിന്റെ ഗേറ്റ് വേ ആയ കാലിക്കറ്റ് എയർപോർട്ടിന്റെ സങ്കടങ്ങളെക്കുറിച്ച് പറയാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉദ്ദേശിക്കുന്നത്. ഒട്ടേറെ പരിമിതികൾക്കുള്ളിൽനിന്ന് വീർപ്പുമുട്ടുന്ന കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം പക്ഷെ ഇപ്പോഴും പൊതുമേഖലയിൽ ലാഭകരമായി പ്രവർത്തിക്കുന്ന മൂന്നാമത്തെ എയർപോർട്ടായി തുടരുകയാണ്. ഈ ഗവൺമെന്റ് ഭരണത്തിൽ വന്നതോടെ ജനങ്ങൾ വലിയ പ്രതീക്ഷയിലാണ്. ആറുവരിപാതയിലൂടെ രാമനാട്ടുകരയിലെത്താൻ വളരെ എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കും. പക്ഷേ പിന്നീട് രാമനാട്ടുകരയിൽ നിന്നും പുളിക്കൽ വഴി എയർപോർട്ടിലേയ്ക്ക് പോകുമ്പോൾ പലപ്പോഴും ഗതാഗതക്കുരുക്കിൽപ്പെടുകയും യാത്രക്കാർക്ക് വിമാനം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ബജറ്റിൽ കോഹിനൂരിൽ നിന്ന് കോഴിക്കോട് വിമാനത്താവളത്തിലേക്ക് മൂന്നര കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഒരു എലിവേറ്റഡ് പാത

നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. അതിനായി ഒരു കോടി രൂപയാണ് ഡി.പി.ആർ.-ൽ മാറ്റി വച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശനെ പ്രത്യേകം അഭിനന്ദിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പൊതുമരാമത്ത് വകുപ്പുമന്ത്രിയോടും പറയാനുള്ളത് വികസനം എന്ന് പറയുന്നത് വരാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി മാത്രമുള്ളതല്ല. ജീവിച്ചിരിക്കുന്ന തലമുറയ്ക്കുകൂടി വേണ്ടിയാണ്. അതുകൊണ്ട് അങ്ങും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഇടപെട്ട് സമയബന്ധിതമായി ഈ പദ്ധതി നടപ്പാക്കാനുള്ള ശ്രമം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം, കാലിക്കറ്റ് എയർപോർട്ടിൽ ഒരു കാലത്ത് വൈഡ് ബോഡി വിമാനങ്ങൾ ഇറങ്ങിയിരുന്നു. 2020-ൽ എയർ ഇന്ത്യ എക്സ്പ്രസ്സിന്റെ ക്രാഷിനുശേഷം വൈഡ് ബോഡി വിമാനങ്ങൾ ഇറങ്ങുന്നില്ല. നാരോ ബോഡി വിമാനമാണ് അപകടത്തിൽപ്പെട്ടതെങ്കിലും വൈഡ് ബോഡി വിമാനമാണ് നിർത്താൻവേണ്ടി കേന്ദ്ര സർക്കാർ തീരുമാനിച്ചത്. അതിന്റെ സേഫ്റ്റി പ്രശ്നമാണെങ്കിൽ അത് അടിയന്തരമായി പരിഹരിച്ച്, RESA-യുടെ

വർക്ക് ഇപ്പോൾ ഇഴഞ്ഞുനീങ്ങുകയാണ്. അതിന്റെ വർക്ക് എത്രയുംവേഗം പൂർത്തീകരിച്ച് വൈഡ് ബോഡി വിമാനങ്ങൾ ഇറക്കാൻ വേണ്ടി അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. വൈഡ് ബോഡി വിമാനങ്ങൾ ഇറങ്ങാത്തതുകാരണം ഹജ്ജ് യാത്രക്കാർ വളരെ ബുദ്ധിമുട്ടിലാണ്. അതുമാത്രമല്ല കൂർഗ്, മൈസൂർ, വയനാട്, ഗുണ്ടൽപേട്ട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് ഏറ്റവും അടുത്ത ഡെസ്റ്റിനേഷനാണ് കാലിക്കറ്റ് എയർപോർട്ട്. അവിടെ നിന്ന് വെജിറ്റബിൾസ്, ഫ്രൂട്ട്സ്, ഫ്രൂട്ട് പ്രോഡക്റ്റ്സ് എന്നിവയെല്ലാം എക്സ്പോർട്ട് ചെയ്യുന്നത് കാലിക്കറ്റ് എയർപോർട്ട് വഴിയാണ്. പക്ഷേ വലിയ വിമാനങ്ങൾ ഇറങ്ങാത്തതിനാൽ, കാർഗോയിൽ ചെറിയ സ്ഥലംമാത്രം ഉള്ളതുകൊണ്ട് എക്സ്പോർട്ടിങ് വളരെ പരിമിതമായി മാത്രമാണ് കാലിക്കറ്റ് എയർപോർട്ടിൽ നടക്കുന്നത്. അതുപോലെ ഹജ്ജ് യാത്രക്കാർ കൊച്ചി എയർപോർട്ടും കണ്ണൂർ എയർപോർട്ടുമൊക്കെയാണ് ഡെസ്റ്റിനേഷനായി തിരഞ്ഞെടുക്കുന്നത്. കാലിക്കറ്റ് എയർപോർട്ടിൽ ചെറിയ വിമാനങ്ങളായതിനാൽ അവർക്ക് വലിയ തുക ടിക്കറ്റിനായി വേണ്ടിവരുന്ന

15-10-2026
Submission

ഒരു സാഹചര്യമുണ്ട്. അതുകൊണ്ട് വൈഡ് ബോഡി വിമാനത്തിന്റെ കാര്യത്തിൽ ഒരു അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രിയും പറഞ്ഞത്, കാലിക്കറ്റിനെ കേരളത്തിലെ മൂന്നാമത്തെ ഐ.ടി. ഡെസ്റ്റിനേഷനായി മാറ്റുമെന്നാണ്. അങ്ങനെ ഐ.ടി. ഡെസ്റ്റിനേഷനാക്കി മാറ്റുമ്പോൾ കണക്റ്റിവിറ്റി ഏറ്റവും പ്രധാനമാണ്. പക്ഷേ ഡൊമസ്റ്റിക് ഫ്ലൈറ്റുകൾ കാലിക്കറ്റ് എയർപോർട്ടിൽ വളരെ പരിമിതമാണ്. മുംബൈയിലേക്കും ഹൈദരാബാദിലേക്കും ഡൽഹിയിലേക്കുമെല്ലാം ഒരു ഫ്ലൈറ്റാണുള്ളത്. മുമ്പ് കോഴിക്കോട് നിന്ന് തിരുവനന്തപുരത്തേക്കുപോലും ഡൊമസ്റ്റിക് ആയി ഫ്ലൈറ്റ് സർവീസ് നടത്തിയിരുന്നു. ആ ഫ്ലൈറ്റുകളൊക്കെ ഇപ്പോൾ നിലച്ചുപോകുന്ന ഒരു സാഹചര്യമുണ്ടായി. അതുകൊണ്ട് കണക്റ്റിവിറ്റി കൂട്ടാൻവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഡൊമസ്റ്റിക് എയർലൈൻസുകളുടെ ഒരു യോഗം വിളിച്ചുചേർത്ത് അതിനുവേണ്ടി പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയാണ്. കോഴിക്കോടുനിന്ന്

15-10-2026

Submission

പ്രതിമാസം രണ്ടര ലക്ഷം ഇന്റർനാഷണൽ പാസ്സഞ്ചേർസ് ആണ് യാത്ര ചെയ്യുന്നത്. കേരളത്തിൽ ഇതാകെ പതിനൊന്ന് ലക്ഷമാണ്. പക്ഷേ നിർഭാഗ്യവശാൽ കോഴിക്കോട് നിന്നോ കേരളത്തിലെ മറ്റ് എയർപോർട്ടുകളിൽ നിന്നോ എയർ ഇന്ത്യയുടെ ഒരൊറ്റ ഫുൾ സർവീസ് ഫ്ലൈറ്റുപോലും ഇപ്പോൾ ഇന്റർനാഷണലി ഓപ്പറേറ്റ് ചെയ്യുന്നില്ലെന്ന് പറയുന്നത് എത്രമാത്രം ഖേദകരമായ, ലജ്ജാകരമായ കാര്യമാണ്. ഇനിയൊരു കാര്യം കൂടി പറയട്ടെ. ഫ്ലൈറ്റിൽ കയറാൻവേണ്ടി കാലിക്കറ്റ് എയർപോർട്ടിലേക്ക് ഒരു യാത്രക്കാരൻ എത്തിയാൽ അയാളുടെ വാഹനം പാർക്ക് ചെയ്യാൻ സ്ഥലമില്ല. വാഹനം പാർക്ക് ചെയ്യാൻ സ്ഥലം കണ്ടെത്തുമ്പോഴേക്ക് ഫ്ലൈറ്റ് പോകുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ഇങ്ങനെ ഒട്ടേറെ പരിമിതികളിൽ വീർപ്പുമുട്ടുന്ന കാലിക്കറ്റ് എയർപോർട്ടിന്റെ കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിപ്പിച്ച് ബാംഗ്ലൂർ, കൊച്ചി, മുംബൈ എയർപോർട്ടുകളുടെ മാതൃകയിൽ കാലിക്കറ്റ് എയർപോർട്ടിനെ നവീകരിക്കാൻവേണ്ടിയുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന്

*Submission*

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാന സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്വപ്ന പദ്ധതികളിൽ രണ്ടാമത്തേതാണ് നാല് വിമാനത്താവളങ്ങളുടെയും പൂർണ്ണമായ വികസനവും അതിനോടനുബന്ധിച്ചുള്ള ഏവിയേഷൻ ഹബ്ബുകൾ നിർമ്മിക്കലും. കാലിക്കറ്റ് എയർപോർട്ടിന്റെ ഒരു പ്രധാനപ്പെട്ട പ്രശ്നമെന്നുപറയുന്നത് അത് എയർപോർട്ട് അതോറിറ്റിയുടെ കീഴിൽവരുന്ന വിമാനത്താവളമാണ് എന്നുള്ളതാണ്. അതിനാൽ എയർപോർട്ട് അതോറിറ്റിയുടെ അനുമതിയോടുകൂടി മാത്രമെ നമുക്ക് എല്ലാ തീരുമാനങ്ങളും എടുക്കാൻ കഴിയുകയുള്ളൂ. എയർപോർട്ട് അതോറിറ്റി ആവശ്യപ്പെട്ടതിനെത്തുടർന്നാണ് പാർക്കിങ്ങിന് ആവശ്യമായ സ്ഥലം, റൺവേ എൻഡ് സേഫ്റ്റി ഏരിയ വികസനത്തിന് ആവശ്യമായ സ്ഥലം എന്നിവയെല്ലാം സർക്കാരിന്റെ ചെലവിൽ നേരത്തെ എടുത്തുകൊടുത്തത്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, RESA-യുടെ വർക്ക് വളരെ slow-യിലാണ്

നടക്കുന്നത്. ഇത് വേഗത്തിലാക്കാൻ വേണ്ടി സർക്കാർ പരമാവധി നടപടികൾ സ്വീകരിക്കുന്നതാണ്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. പിന്നെയൊരു മാസ്റ്റർ പ്ലാൻ ഉണ്ട്. എ.എ.ഐ. (എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ) മാസ്റ്റർ പ്ലാൻ 2047. അത് ഭാവിയിലെ ആവശ്യങ്ങൾക്കനുസരിച്ച് വിമാനത്താവളം ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതിനുള്ള പ്ലാനാണ്. ഇതിൽ പുതിയ ജോയിന്റ് ടെർമിനൽ കെട്ടിടമുണ്ടാക്കുക, എയർക്രാഫ്റ്റ് പാർക്കിങ് ബേകൾ വർധിപ്പിക്കുക, പുതിയ ATC ടവർ ഉണ്ടാക്കുക, മൾട്ടിലെവൽ കാർ പാർക്കിങ് സൗകര്യം ഏർപ്പെടുത്തുക, പുതിയ സംയോജിത കാർഗോ ടെർമിനൽ സ്ഥാപിക്കുക, ഐ.സി.എ.ഒ. മാനദണ്ഡങ്ങൾക്കനുസൃതമായി എയർസൈഡ് സുരക്ഷ, അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവ ഉൾപ്പെടുത്തുന്നു. ഇതിന്റെ ടെർമിനൽ കെട്ടിടത്തിന് സമീപം കാർ പാർക്കിങ് പ്രദേശം വികസിപ്പിക്കുന്നതിനുവേണ്ടി പതിനഞ്ചര ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ വേഗത്തിലാക്കാൻ വേണ്ടിയുള്ള നിർദേശം നൽകിയിട്ടുണ്ട്. RESA-യുടെ വർക്ക് slow ആണ്. അത് വേഗത്തിലാക്കാൻവേണ്ടിയുള്ള

നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഇനിയുള്ള പ്രശ്നമെന്നുപറയുന്നത് കണക്റ്റിവിറ്റിയാണ്. അതുകൊണ്ടാണ് ബജറ്റിൽ ഒരു എലിവേറ്റഡ് പാതയ്ക്ക് ഒരു കോടി രൂപ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി അനുവദിച്ചത്. പൊതുമരാമത്ത് വകുപ്പ് എത്രയും പെട്ടെന്ന് അത് തയ്യാറാക്കിതരുമ്പോഴേക്കും അടുത്ത ബജറ്റിൽ അതിനാവശ്യമായ തുകകൂടി വയ്ക്കും. എയർപോർട്ടിലേക്കുള്ള കണക്റ്റിവിറ്റി ഏറ്റവും പ്രധാനപ്പെട്ടതാണ്. അതിന്റെ തുകയും എസ്റ്റിമേറ്റും അറിഞ്ഞുകഴിഞ്ഞാൽ അടുത്ത ബജറ്റിൽ അതുൾപ്പെടുത്തി ഉടൻതന്നെ അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും. അത് കോഴിക്കോട് നിന്നുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യമായാണ് കാണുന്നത്. ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ, തിരുവനന്തപുരത്തെ ടെക്നോപാർക്കിനും കൊച്ചിയിലെ ഇൻഫോ പാർക്കിനും ശേഷമുള്ള മൂന്നാമത്തെ ഐ.ടി. ഡെസ്റ്റിനേഷനായി കോഴിക്കോടിനെ വികസിപ്പിക്കുക എന്നുള്ളതാണ്. നോളജ്‌വാലിയുടെ കാര്യം, ഇന്റർനാഷണൽ ഫുട്ബോൾ സ്റ്റേഡിയത്തിന്റെ പ്രൊപ്പോസൽ, എം.ടി. വാസുദേവൻനായരുടെ പേരിലുള്ള

15-10-2026

Submission

വലിയ കൾച്ചറൽ പാർക്കിന്റെ പ്രൊപ്പോസൽ തുടങ്ങി ധാരാളം കാര്യങ്ങൾ അവിടെയുണ്ട്. കോഴിക്കോട് നഗരത്തിലെ വ്യാപാര-വാണിജ്യ കാര്യങ്ങൾ കുറേക്കൂടി വർധിപ്പിച്ച് ഏറ്റവും കൂടുതൽ വരുമാനം, കൊച്ചിയിലെക്കാൾ കൂടുതൽ നികുതിവരുമാനം സർക്കാരിന് നേടിയെടുക്കാവുന്ന ഒരു സ്ഥലമാക്കി മാറ്റണമെന്നതാണ് നമ്മുടെ ലക്ഷ്യം. അതിനായി എയർപോർട്ടിന് വലിയ റോളാണ് വഹിക്കേണ്ടത്. ഞാൻ കേന്ദ്ര സിവിൽ ഏവിയേഷൻ മിനിസ്റ്ററുമായി ഇക്കാര്യം സംബന്ധിച്ച് നേരിട്ട് സംസാരിച്ചിട്ടുണ്ട്. അടുത്ത പ്രാവശ്യം കാണുമ്പോൾ ഇതുസംബന്ധിച്ച പ്രയോരിറ്റി പ്രൊപ്പോസൽസ് തയ്യാറാക്കിക്കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. കോഴിക്കോട് എയർപോർട്ടിന്റെ വികസനത്തിനാവശ്യമായ സഹായം, പ്രത്യേകിച്ച് കാർഗോ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിതന്നെ മുൻകൈയെടുത്ത് സ്ഥലം ഏറ്റെടുക്കുന്ന ഏജൻസികളായ കിൻഫ്ര (KINFRA)യോടും ഇൻകൽ(INKEL)-നോടും കോഴിക്കോട് എയർപോർട്ടിന് സമീപം പരമാവധി സ്ഥലം ഏറ്റെടുക്കാൻവേണ്ടി നിർദേശം നൽകിയിട്ടുണ്ട്. കൂടുതൽ ഡെവലപ്മെന്റ് ആക്റ്റിവിറ്റീസ് എയർപോർട്ടുമായി കണക്റ്റഡായുള്ള, എല്ലാ എയർപോർട്ടിലും

15-10-2026

Submission

പറഞ്ഞിട്ടുണ്ട്. എയർപോർട്ടിലും സീപോർട്ടിലും കൂടുതൽ ഭൂമിയെടുക്കാൻ പറഞ്ഞിട്ടുണ്ട്. കാരണം എയർപോർട്ടും സീപോർട്ടുമായി കണക്റ്റ് ചെയ്തിട്ടുള്ള കൂടുതൽ ഇൻവെസ്റ്റ്മെന്റ്സ് വരുന്നതിനാൽ അതനുസരിച്ച് ചെയ്യുന്നതാണ്. കൂടാതെ എയർലൈനുകളുമായും ബന്ധപ്പെട്ടിട്ടുണ്ട്. കൊച്ചിയിൽനിന്നും തിരുവനന്തപുരത്തേക്ക് നേരത്തേ എല്ലാ ദിവസവുമുണ്ടായിരുന്ന വിമാനം ഇപ്പോൾ മൂന്ന് ദിവസത്തേക്ക് മാത്രമായി ചുരുക്കി. അത് 25-ാം തീയതി മുതൽ ആരംഭിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. കോഴിക്കോട് നിന്നും കൂടുതൽ ഡൊമസ്റ്റിക് ഫ്ലൈറ്റ്സ് ചെയ്യുന്നതിനുവേണ്ടിയുള്ള, ഇപ്പോൾ ഒരുപാട് മീറ്റിങ്ങുകൾ വിളിക്കേണ്ടതില്ല. ഡൊമസ്റ്റിക് വിമാനങ്ങൾ ഹാൻഡിൽ ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. അതിൽ പ്രധാനപ്പെട്ടത് പ്ലെയിൻ സ്വന്തമായിട്ടുള്ളവർ. ഇന്ത്യയിലെ എല്ലാ എയർലൈനുകളുംകൂടി പുതുതായി രണ്ടായിരത്തോളം വിമാനങ്ങളാണ് ഓർഡർ ചെയ്തിരിക്കുന്നത്. വിമാനങ്ങളുടെ കുറവും ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. പുതിയ വിമാനങ്ങൾ വരുന്നതനുസരിച്ച് നമുക്ക് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ, മംഗലാപുരം ഈ അഞ്ച് സ്ഥലങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള

15-10-2026
Submission

ഡൊമസ്റ്റിക് എയർലൈൻ സംവിധാനം കുറേക്കൂടി ഇംപ്രൂവ് ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുവേണ്ടി കേന്ദ്ര സർക്കാരും എയർലൈൻ കമ്പനികളുമായും ഒരു റൗണ്ട് ചർച്ച കഴിഞ്ഞു. അടുത്ത റൗണ്ട് ആകുമ്പോഴേക്കും അതിന്റെ റിസൾട്ട് ഉണ്ടാകുമെന്നാണ് കരുതുന്നത്. അങ്ങ് ഇവിടെ അവതരിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. സർക്കാരിനെക്കൊണ്ട് ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ ഇക്കാര്യത്തിൽ ചെയ്യുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

3. <u>അങ്കമാലി - ശബരി റെയിൽവേ പദ്ധതി</u>

<u>ശ്രീ. ഷിബു തെക്കുംപുറം</u>: സർ, അങ്കമാലി-എരുമേലി-ശബരി റെയിൽ പദ്ധതി കേരളത്തിന്റെ ദീർഘകാല വികസനവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഒരു പദ്ധതിയാണ്. 1998-ൽ തുടങ്ങിയ പദ്ധതി 30 വർഷം പിന്നിടുകയാണ്. എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയ്ക്കും അതോടൊപ്പം ഇടുക്കി ജില്ലയ്ക്കും കോട്ടയത്തിനും വലിയ പ്രാധാന്യമുള്ള ഒരു പദ്ധതിയാണ് ശബരി റെയിൽ പദ്ധതി. അങ്കമാലിയിൽനിന്ന് ആരംഭിച്ച് പെരുമ്പാവൂർ, കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ

15-10-2026

Submission

നിയോജകമണ്ഡലങ്ങളെയും ബന്ധപ്പെടുത്തിക്കൊണ്ടാണ് എരുമേലിയിൽ ഈ റെയിൽപ്പാത സമാപിക്കുന്ന രീതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഈ റെയിൽപാതയുമായി ബന്ധപ്പെട്ട് അലൈൻമെന്റ് ഫിക്സ് ചെയ്തു, കല്ലിടൽ നടത്തി, കാലടി വരെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി പദ്ധതി മുന്നോട്ടുപോകുകയാണ്. കാലടിവരെ റെയിൽപ്പാത നിർമ്മിക്കുകയും അവിടെയൊരു റെയിൽവെസ്റ്റേഷൻ പണിയുകയും പെരിയാറിന് കുറുകെ പാലം നിർമ്മിക്കുകയും ചെയ്തു. ഈ നിലയിൽ മുന്നോട്ടുപോകുന്ന പദ്ധതിക്ക് തുടക്കത്തിൽ 550 കോടി രൂപയാണ് വിഭാവനം ചെയ്തത്. 2023-ൽ ഈ പദ്ധതിയുടെ ചെലവ് കണക്കാക്കിയപ്പോൾ 3800 കോടി രൂപയായി. അന്നത്തെ കേന്ദ്ര ഗവൺമെന്റ്, ഈ പദ്ധതി നടപ്പാക്കണമെങ്കിൽ സംസ്ഥാന സർക്കാർ പകുതി വിഹിതം എടുക്കണമെന്ന് നിർദേശിച്ചു. അത് സാധ്യമല്ലെന്ന് അന്നത്തെ സംസ്ഥാന സർക്കാർ അറിയിക്കുകയും ഈ പദ്ധതി മുടങ്ങുകയും ചെയ്തിരിക്കുകയാണ്. കഴിഞ്ഞ വർഷം സംസ്ഥാന സർക്കാർ പകുതി വിഹിതം നൽകാമെന്ന് സമ്മതിക്കുകയും അതനുസരിച്ച് കിഫ്ബിയിൽനിന്ന് പണം ലഭ്യമാക്കാനുള്ള നടപടികളുമായി മുന്നോട്ട്

പോകുകയും ചെയ്തു. അതുപ്രകാരം അന്നത്തെ സർക്കാർ കഴിഞ്ഞ മാർച്ചിൽ 11(1) വിജ്ഞാപനം ഇറക്കുകയുണ്ടായി. ഇതുവരെ ഈ പദ്ധതി ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. കോതമംഗലം നിയോജകമണ്ഡലം ഉൾപ്പെടെ ആയിരക്കണക്കിന് ആളുകളുടെ ഭൂമി മരവിപ്പിച്ചിരിക്കുകയാണ്. 30 വർഷമായി ജനങ്ങൾ കാത്തിരിക്കുകയാണ്. ഭൂമി വിൽക്കാൻ കഴിയുന്നില്ല, പണയപ്പെടുത്തി ബാങ്കിൽനിന്നും വായ്പ എടുക്കാൻ സാധിക്കുന്നില്ല, അതോടൊപ്പം കെട്ടിടങ്ങൾ നിർമ്മിക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുകയാണ്. അതിനാൽ അടിയന്തരമായി ഭൂമി ഏറ്റെടുക്കാനുള്ള നടപടികളുമായി സംസ്ഥാന സർക്കാർ മുന്നോട്ട് പോകണമെന്നാണ് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ജനങ്ങൾ വലിയ ദുരിതത്തിലാണ് ജീവിക്കുന്നത്. തീർച്ചയായും ജനങ്ങളെ വീണ്ടെടുക്കാൻ കഴിയുന്നവിധം ഈ പദ്ധതി എത്രയും വേഗം നടപ്പാക്കേണ്ടതായിട്ടുണ്ട്. തൊഴിൽ, സംരംഭങ്ങൾ, എന്നിവ നഷ്ടപ്പെടുന്നവരും കൃഷിയിടങ്ങൾ ഉപേക്ഷിക്കപ്പെടുന്നവരുമുണ്ട്. അവരെയെല്ലാം സംരക്ഷിക്കാൻ കഴിയുന്നവിധത്തിലുള്ള പാക്കേജുകൾ സംസ്ഥാന സർക്കാർ

പ്രഖ്യാപിച്ചുകൊണ്ട് ഈ റെയിൽ പദ്ധതി എത്രയും വേഗം നടപ്പാക്കണമെന്നാണ് വിനീതമായി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 27, 28 വർഷങ്ങളായി പെൻഡിങ്ങായ ഒരു പ്രോജക്ടാണിത്. 1997-98-ൽ റെയിൽവെ ബജറ്റിൽ വിഭാവനം ചെയ്ത 110 കിലോമീറ്റർ നീളമുള്ള അങ്കമാലി-ശബരി റെയിൽവെ പദ്ധതിയുടെ 8 കിലോമീറ്റർ നീളത്തിൽ ഭൂമി ഏറ്റെടുക്കലും ഏകദേശം 7 കിലോമീറ്റർ നീളത്തിൽ നിർമ്മാണ പ്രവർത്തനങ്ങളും വളരെ വർഷങ്ങൾക്കുമുമ്പ് പൂർത്തിയാക്കിയിരുന്നു. 25 വർഷത്തോളം പദ്ധതി സ്തംഭനാവസ്ഥയിലാണ്. റെയിൽവേയുടെ നിർദേശം സംസ്ഥാന സർക്കാർ പരിഗണിക്കുകയും മൊത്തം പദ്ധതിയുടെ ചെലവായ 3800 കോടി രൂപയുടെ 50 ശതമാനമായ, ഭൂമി ഏറ്റെടുക്കൽ ചെലവ് ഉൾപ്പെടെ 1900 കോടിരൂപ, കിഫ്ബിയുടെ ധനസഹായത്തോടുകൂടി സംസ്ഥാന സർക്കാർ വഹിക്കാൻ അനുമതി നൽകിയിരുന്നു. ടി പദ്ധതിക്ക് 303.58 ഹെക്ടർ ഭൂമി ആവശ്യമാണ്. ഭൂമി ഏറ്റെടുക്കലിനായി കണക്കാക്കിയിരിക്കുന്ന 1,361 കോടി രൂപയും നിർമ്മാണത്തിനായി കണക്കാക്കിയിരിക്കുന്ന 2,439 കോടി

15-10-2026

Submission

രൂപയും ഉൾപ്പെടെ, 3,800 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചെലവ്. 2023-ലെ എസ്റ്റിമേറ്റ് പ്രകാരമാണിത്. നിലവിൽ റേറ്റ് മാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എസ്റ്റാബ്ലിഷ്മെന്റ് ചാർജ് സംസ്ഥാന സർക്കാർ വിഹിതത്തിൽനിന്നും വഹിക്കണമെന്നും സംസ്ഥാനം ചെലവാക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ റെയിൽവേയ്ക്ക് നല്കണമെന്നും പദ്ധതി പൂർത്തിയായ ശേഷം അമ്പത് ശതമാനം വിഹിതം കണക്കാക്കാമെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതത്തോടൊപ്പം റെയിൽവേ വിഹിതവും ലഭ്യമാക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് ഈ സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. റെയിൽവേ ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന വിഹിതം പൂർണ്ണമായും ചെലവാക്കി പദ്ധതി പുനഃരാരംഭിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ നിലവിൽ ചെയ്തുവരുന്നത്. ഇതിലുള്ള പ്രശ്നമെന്തെന്നാൽ മനുഷ്യനെ ബുദ്ധിമുട്ടിപ്പിക്കുക എന്നതാണ്. വർഷങ്ങൾക്ക് മുമ്പ് നോട്ടിഫൈ ചെയ്യപ്പെട്ട ഭൂമിയാണിത്. നോട്ടിഫൈ ചെയ്ത ഭൂമി വിൽക്കാൻ കഴിയില്ല. ഒരു വീട്ടിൽ മകളുടെ കല്യാണം നടത്തണമെങ്കിൽ ആളുകൾ എന്താണ് ചെയ്യുക?

15-10-2026

Submission

ഭൂമി ബാങ്കിൽ പണയപ്പെടുത്തിയാണ് കല്യാണച്ചെലവ് നടത്തുന്നത്. ഈ ഭൂമി ബാങ്കിൽ പ്ലഡ്ജ് ചെയ്യാൻ സാധിക്കില്ല. ഒന്ന് ആലോചിച്ചു നോക്കിയേ; നമ്മുടെ ഭൂമിയിലാണ് അത് സംഭവിക്കുന്നതെങ്കിലോ? എത്രയോ പാവപ്പെട്ട മനുഷ്യരാണ് സങ്കടവും കരച്ചിലുമായി കഴിയുന്നത്. ദീർഘകാലമായി ഒരു നടപടിയുമില്ല. നേരത്തെ മട്ടന്നൂരിലെ ബഹുമാനപ്പെട്ട എം.എൽ.എ. അവതരിപ്പിച്ച അതേ വിഷയമാണ്. അവിടത്തെ ആളുകളുടെ വീടുകളെല്ലാം പൊളിഞ്ഞ് കിടക്കുകയാണ്. അവർ മറ്റ് വീടുകളിലാണ് താമസിക്കുന്നത്. ഭൂമി പണയംവച്ച് പണമെടുക്കാൻ കഴിയാത്ത രീതിയിൽ ലാൻഡ് അക്വിസിഷന്റെ പേരിൽ നടക്കുന്ന ഈ പരിപാടി നമുക്ക് അവസാനിപ്പിക്കണം. ഇത് ഇങ്ങനെ പോയാൽ പറ്റില്ല. അതിനൊരു പ്രോട്ടോക്കോൾ ഉണ്ടാകണം. സമയബന്ധിതമായി തീർപ്പാക്കണം. ഒരാൾക്കും അക്കൗണ്ടബിലിറ്റിയില്ല. നമ്മുടെ പല പദ്ധതികളും വൈകുന്നതിനുള്ള പ്രധാനപ്പെട്ട കാരണം ലാൻഡ് അക്വിസിഷനിലുള്ള കാലതാമസമാണ്. കോൺട്രാക്ടറിന് ഒരു പ്രോജക്ട് നൽകിക്കഴിഞ്ഞാൽ അയാൾ രക്ഷപ്പെട്ടു; രണ്ടു വർഷമായാലും സ്ഥലം ഏറ്റെടുത്തു

15-10-2026

Submission

നൽകിയില്ലെങ്കിൽ അദ്ദേഹത്തിന് ആർബിട്രേഷന് (Arbitration) പോകാം. രണ്ട് വർഷമായിട്ടും സ്ഥലം ഏറ്റെടുത്ത് നൽകാത്തതിനാൽ നിരക്കുകളിൽ മാറ്റം വന്നെന്ന് കാണിച്ച് കരാറുകാരൻ ആർബിട്രേഷന് പോകുന്നതുവഴി കോടിക്കണക്കിന് രൂപയാണ് നഷ്ടപ്പെടുന്നത്. മനുഷ്യരെ ബുദ്ധിമുട്ടിപ്പിക്കുകയാണ്, സങ്കടപ്പെടുത്തുകയാണ്. അതുകൊണ്ട് അങ്കമാലി-ശബരി പാത എന്തായാലും സർക്കാർ വഴിയിൽ ഉപേക്ഷിക്കില്ല. അത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. അതോടൊപ്പം ഭൂമി നോട്ടിഫൈ ചെയ്ത് അനിശ്ചിത കാലത്തേക്ക് തീരുമാനമെടുക്കാതെ വഴിയിലിടുന്ന പരിപാടി അവസാനിപ്പിക്കും. അതിനുള്ള ഒരു പോളിസി, ടൈം ഫ്രെയിം, പ്രോട്ടോക്കോൾ, ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് തയ്യാറാക്കും. ഞാൻ റവന്യൂ വകുപ്പിനോട് പറഞ്ഞു, എത്ര സർവേയർമാരെ വേണമെങ്കിലും വയ്ക്കാനുള്ള അനുമതി നൽകാം. 1000, 2000 സർവേയർമാരെ വയ്ക്കാനുള്ള അനുമതി നൽകിയാലും സർക്കാരിന് നഷ്ടമില്ല, ലാഭമാണുള്ളത്. എത്രയും വേഗം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി നൽകിയാൽ കോടിക്കണക്കിന് രൂപ സർക്കാരിന് പല പദ്ധതികളിലും

ലാഭിക്കാൻ കഴിയും. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട അനിശ്ചിതത്വമാണ് ഖജനാവിൽനിന്നുള്ള ചോർച്ചയ്ക്കുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന്. എന്തായാലും ഞാൻ സഭയ്ക്ക് ഉറപ്പുനൽകുന്നു, ഈ സർക്കാർ അത് അവസാനിപ്പിക്കും. ശബരി പാതയുടെ കാര്യത്തിലുള്ള നടപടികളും സ്വീകരിക്കും.

## 4. ഓയൂർ ഫയർ സ്റ്റേഷൻ

ശ്രീ. എം. എം. നസീർ: സർ, എന്റെ നിയോജകമണ്ഡലമായ ചടയമംഗലത്ത് ഓയൂർ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിന് ഇരുപത് വർഷങ്ങൾക്കുമുമ്പ് ഭരണാനുമതി ലഭിച്ചിരുന്നു. പഞ്ചായത്ത് സ്ഥലം വാങ്ങിക്കൊടുത്തു. 3 കോടി 48 ലക്ഷം രൂപ അതിനുവേണ്ടി അനുവദിച്ചു. പ്രസ്തുത പ്രവൃത്തി ഇതുവരെയും ആരംഭിച്ചിട്ടില്ല. വേനൽക്കാലത്തുപോലും ഭൂഗർഭ ജലനിരപ്പ് താഴാതെ ഒരുപോലെ നിൽക്കുന്നതിനാൽ, അനുവദിച്ച ഫണ്ട് ഉപയോഗിച്ച് കെട്ടിടനിർമ്മാണം സാധ്യമല്ലെന്നാണ് കരാറുകാരൻ ബോധിപ്പിക്കുന്ന കാരണം. ചടയമംഗലം നിയോജകമണ്ഡലത്തിലെ ഒരു പ്രധാന കേന്ദ്രമായ

*15-10-2026*

*Submission*

ഓയൂർ, പ്രധാന ഹൈവേയുടെയും എം.സി. റോഡിന്റെയും മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന സ്ഥലമാണ്. പരവൂർ പുറ്റിങ്ങൽ ദുരന്തം മുതൽ ഒട്ടേറെ ദുരന്തങ്ങൾക്ക് സാക്ഷ്യം വഹിച്ച ഈ പ്രദേശം, ഇത്തിക്കര ആറുൾപ്പെടെ വലിയ നദികളുള്ള ഒരു പ്രദേശമാണ്. ജനങ്ങളുടെ വലിയ നിലയിലുള്ള അഭിലാഷമാണ് ടി പദ്ധതി. അത് പ്രവർത്തനക്ഷമമാക്കണം. ഓയൂർ ഫയർസ്റ്റേഷന് മതിയായ ഫണ്ട് അനുവദിച്ച്, ആധുനിക സാങ്കേതികവിദ്യകളോട്ടുകൂടിയ ഒരു മോഡൽ ഫയർസ്റ്റേഷനായി ഉയർത്തണമെന്നാണ് എന്റെ അഭ്യർഥന. ഇതിനായി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിലും അനുമതിയോടെയും മതിയായ പ്ലാൻ ഫണ്ട് വകയിരുത്തി നിർമ്മാണപ്രവർത്തനങ്ങൾ നടത്തണം. നിലവിൽ വച്ചിരിക്കുന്ന ഫണ്ട് കൊണ്ട് അതിന്റെ തൂണുകൾ മാത്രമെ ചെയ്യാൻ കഴിയുകയുള്ളൂ. 2023-ൽ ഫണ്ട് വകയിരുത്തിയിട്ടും ഇതുവരെ തുടർനടപടികളുണ്ടായിട്ടില്ല. ആയതിനാൽ, മാതൃകാ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനും അതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ

15-10-2026

Submission

സ്വീകരിക്കണമെന്നും അതിനായി പ്ലാൻ ഫണ്ട് അനുവദിക്കണമെന്നും അഭ്യർഥിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മാഡം ഡെപ്യൂട്ടി സ്പീക്കർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം. എം. നസീർ ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എം.സി. റോഡിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലങ്ങളിലൊന്നാണ് ഓയൂർ. ഓയൂർ അഗ്നിരക്ഷാ നിലയത്തിന്റെ കെട്ടിട നിർമ്മാണം വളരെക്കാലമായി മുടങ്ങിക്കിടക്കുന്ന ഒരു കാര്യമാണ്. അതിന് പല കാരണങ്ങളുമുണ്ട്, ഞാൻ ആ കാരണങ്ങളിലേക്ക് കടക്കുന്നില്ല. ഓയൂർ അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് വെളിനല്ലൂർ ഗ്രാമപഞ്ചായത്തിലെ സർവെ നമ്പർ 196/82-ൽ ഉൾപ്പെട്ട അമ്പത് സെന്റ് സ്ഥലം വിലയ്ക്കുവാങ്ങി ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ പേരിൽ ദാനാധാരം രജിസ്റ്റർ ചെയ്യുകയും പ്രസ്തുത സ്ഥലത്ത് അഗ്നിരക്ഷാ നിലയത്തിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് 3 കോടി 48.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് 23-01-2024-ൽ ഭരണാനുമതി നൽകിക്കൊണ്ട് ആഭ്യന്തര വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതാണ്.

15-10-2026

Submission

കെട്ടിട നിർമ്മാണത്തിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി ടെൻഡർ സ്ഥിരപ്പെടുത്തി കരാർ ഒപ്പുവച്ചതിനെ തുടർന്ന് പതിനഞ്ച് മാസത്തെ പൂർത്തീകരണ കാലാവധിയോടെ 09-10-2025-ന് സൈറ്റ് കരാറുകാരന് മാറ്റം ചെയ്തിട്ടുള്ളതാണ്. എന്നാൽ വേനൽക്കാലത്തുപോലും നിർമ്മാണ സ്ഥലത്തെ വാട്ടർ ടേബിൾ ലെവൽ (ഭൂഗർഭ ജലനിരപ്പ്) കാര്യമായ വ്യത്യാസമുണ്ടാകാതെ നിലവിലെ ഗ്രൗണ്ട് ലെവലിനോട് ചേർന്ന് നിലനിന്നതിനാൽ നിലവിലുള്ള ഡിസൈൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പ്രായോഗികമായ ബുദ്ധിമുട്ടാണെന്ന് കരാറുകാരൻ അറിയിക്കുകയും ഇതുമായി ബന്ധപ്പെട്ട് സൈറ്റ് നേരിട്ട് പരിശോധിക്കുന്നതിനും തുടർ നിർദേശങ്ങൾ നൽകുന്നതിനും പൊതുമരാമത്ത് വകുപ്പ് വിഷയം പരിശോധിച്ചുവരികയാണ്. അഗ്നിരക്ഷാ നിലയത്തിന് താൽകാലിക സംവിധാനമൊരുക്കുന്നതിന് വെളിനല്ലൂർ ഗ്രാമപഞ്ചായത്തിൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടക നിരക്കിൽ അഗ്നിരക്ഷാ നിലയം പ്രവർത്തിപ്പിക്കുന്നതിന് വിട്ടുനൽകാൻ സമ്മതമാണെന്ന സമ്മതപത്രം

15-10-2026

Submission

ലഭ്യമാക്കുകയും റീജിയണൽ ഫയർ ഓഫീസർ സ്ഥല പരിശോധന നടത്തുകയും ചെയ്തതാണ്. ഇത് വളരെ ടിപ്പിക്കലായൊരു കേസാണ്. പണം അനുവദിച്ചു, ടെൻഡർ എടുത്തു, നടപടിയെല്ലാം മുന്നോട്ടു കൊണ്ടുപോകുന്നു, പക്ഷെ കരാറുകാരൻ അത് ബുദ്ധിമുട്ടാണെന്ന് പറയുന്നു. ഏതായാലും ഇവിടെ താൽകാലികമായൊരു സംവിധാനം ഉണ്ടാകേണ്ടത് ജനങ്ങൾക്ക് വളരെ അത്യാവശ്യമാണ്. അതാണ് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം. എം. നസീർ ഇവിടെ ചൂണ്ടിക്കാണിച്ചത്. നിലവിൽ അഗ്നിരക്ഷാ നിലയത്തിന്റെ സ്ഥിരം കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കാനുള്ള കാലതാമസം കണക്കിലെടുത്തും ഓയൂർ പ്രദേശത്തെ അഗ്നിരക്ഷാ സേവനം അടിയന്തരമായി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ചും സ്ഥിരം കെട്ടിടം സജ്ജമാകുന്നതുവരെ ലഭ്യമായ താൽകാലിക കെട്ടിടത്തിൽ ഓയൂർ അഗ്നിരക്ഷാ നിലയം പ്രവർത്തനമാരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അദ്ദേഹം നേരത്തെ ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. 13-10-2026-ലെ സർക്കാർ ഉത്തരവ് നമ്പർ 3433/2026/ആഭ്യന്തരം പ്രകാരം ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

എത്രയും പെട്ടെന്ന് താൽകാലിക കെട്ടിടത്തിൽ ഈ അഗ്നിരക്ഷാ നിലയത്തിന്റെ പ്രവർത്തനം ആരംഭിക്കുമെന്ന് അങ്ങയിലൂടെ ബഹുമാനപ്പെട്ട അംഗം ശ്രീ. എം. എം. നസീറിന് ഞാൻ ഉറപ്പുനൽകുകയാണ്. എത്രയും പെട്ടെന്ന് അതിന്റെ ഉദ്ഘാടനകർമ്മം നിർവഹിക്കാമെന്ന് അദ്ദേഹത്തിന് ഉറപ്പുനൽകുന്നു.

5. <u>സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തി</u>

<u>ശ്രീ. കെ. വി. സുമേഷ്</u>: ബഹുമാനപ്പെട്ട മാഡം ഡെപ്യൂട്ടി സ്പീക്കർ, എന്റെ നിയോജക മണ്ഡലം മാത്രമല്ല കണ്ണൂർ നിയമസഭാമണ്ഡലത്തിൽക്കൂടി ഉൾപ്പെടുന്നതാണ് കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി. 2018-ലാണ് അത് അന്നത്തെ ഗവൺമെന്റ് അനൗൺസ് ചെയ്തത്. അഞ്ച്റോഡ്, അഴീക്കോട് മണ്ഡലത്തിലാണ് അതിന്റെ ഭാഗമായി വരുന്നത്. അതിൽ വളരെ പ്രധാനപ്പെട്ട ഒരു അലൈൻമെന്റ് ആണ്, മന്ന, താഴെചൊവ്വ, കണ്ണൂർ നഗരത്തിലൂടെ പോകുന്നതാണ്. കണ്ണൂർ എം.എൽ.എ.-യും പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയുമൊക്കെ കഴിഞ്ഞ ദിവസം ഇതിന്റെ പരിശോധന നടത്തുന്നതായ വാർത്തകൾ കാണുകയും ചെയ്തു. ഞാൻ ബഹുമാനപ്പെട്ട

15-10-2026

Submission

മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്, അതീവ സെൻസിറ്റീവായ വലിയ ട്രാഫിക്, അതുവഴി യാത്രചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിക്ക് ഉൾപ്പെടെ അറിയാവുന്നതാണ്. പുതിയ തെരുവ്, വളപട്ടണം പാലം, പാപ്പിനിശ്ശേരി ഇവയെല്ലാം മണിക്കൂറുകളോളം ഗതാഗത കുരുക്കുണ്ടാക്കുന്ന റോഡുകളാണ്. കണ്ണൂർ നഗരത്തിലും, താഴെചൊവ്വ, അത് വലിയ സാഹസമുണ്ടാകുന്നതാണ്. ഇത് കേസുകളുമൊക്കെയായി കുറേയധികം നീണ്ടുപോയി. ഇപ്പോൾ അതിന്റെ മറ്റ് സർവെ നടപടികൾ പുരോഗമിക്കുകയാണ്. സാങ്കേതിക നടപടികൾ പൂർത്തീകരിച്ച റോഡുകളുമുണ്ട്. കുഞ്ഞിപ്പള്ളി - പുല്ലൂപ്പി റോഡ്, പൊടിക്കുണ്ട്-കൊറ്റാളി റോഡ് ഇതെല്ലാം മറ്റ് തടസ്സങ്ങളില്ലാത്ത റോഡുകളുമാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്ന കാര്യം, അങ്ങ് ഇടപെട്ട് നമുക്ക് ഇത് വേഗതയിലാക്കാൻ കഴിഞ്ഞാൽ, ഈ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി നമ്മുടെ നഗരത്തിനും പൊതുവിൽ അഴീക്കോട് നിയമസഭാമണ്ഡലത്തിന്റെ ഭാഗമായി വരുന്ന പ്രധാനപ്പെട്ട ഏരിയയും, അവിടെ ഇപ്പോൾ താൽകാലിക ഗതാഗത പരിഷ്കാരമാണ് അവിടെ നടപ്പാക്കുന്നത്. വലിയ രീതിയിൽ

ജനങ്ങൾ ബുദ്ധിമുട്ടുന്ന ഒരു പ്രശ്നം നേരത്തെത്തന്നെയുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ശക്തമായി ഇടപെടുന്ന ഒരാളാണ്, അങ്ങയുടെ ശക്തമായ ഇടപെടൽകൊണ്ട് നമുക്ക് ആ പ്രശ്നങ്ങൾ വേഗതയിൽ പരിഹരിക്കാൻ കഴിയണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): മാഡം ഡെപ്യൂട്ടി സ്പീക്കർ, കണ്ണൂർ പട്ടണത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനും ഉന്നത നിലവാരത്തിലുള്ള റോഡുകളും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുംവേണ്ടി കേരള റോഡ് ഫണ്ട് വഴി സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി. ഇതിൽ പതിനൊന്ന് റോഡുകളാണ് ഉൾപ്പെടുന്നത്. ആദ്യഘട്ടത്തിൽ ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത മൂന്ന് റോഡുകളായ ഇന്നർ റിങ് റോഡ്, പട്ടാളം റോഡ്, ജയിൽ റോഡ് എന്നിവ ഉൾപ്പെടുന്നതാണ് ഒന്നാം ഘട്ടം. ഈ റോഡുകളുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. ഭൂമി ഏറ്റെടുക്കൽ ആവശ്യമുള്ള മന്ന ജങ്ഷൻ, ന്യൂ എൻ.എച്ച്. ബൈപ്പാസ്, പൊടിക്കുണ്ട്, കൊറ്റാളി റോഡ്, തയ്യൽ-തൊഴിക്കൽ പീടിക

15-10-2026

Submission

റോഡ്, കുഞ്ഞിപ്പള്ളി മുല്ലപ്പി റോഡ് എന്നീ നാല് റോഡുകളാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. അങ്ങേയ്ക്ക് അറിയാമല്ലോ, പത്ത് വർഷം അങ്ങായിരുന്നല്ലോ? തയ്യൽ-തൊഴിക്കൽ പീടിക റോഡിന്റെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഈ റോഡിന്റെ പ്രവൃത്തി ഐറ്റം റേറ്റ് രീതിയിൽ ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. മറ്റ് റോഡുകളിൽ അതിർത്തി കല്ല് സ്ഥാപിക്കൽ, സർവെ, ഫണ്ട് ലഭിക്കൽ തുടങ്ങിയ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ ആവശ്യമുള്ള ചാലാട് കുഞ്ഞിപ്പള്ളി റോഡ്, മിനി ബൈപ്പാസ് റോഡ്, കക്കാട്, മുണ്ടയാട് റോഡ്, പ്ലാസ ജങ്ഷൻ, ജെ.റ്റി.എസ്. റോഡ് എന്നീ നാല് റോഡുകളാണ് മൂന്നാം ഘട്ടത്തിലുൾപ്പെടുന്നത്. എനിക്ക് താല്പര്യം ഉണ്ടായതുകൊണ്ടാണ് ഞാൻ ഇത് വിശദമായി ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നത്. അതിൽ സാമൂഹികാഘാത പഠനം നടത്തണം, പിന്നെ സർവെ സബ് ഡിവിഷൻ പ്രവൃത്തികൾ, വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. എന്നാൽ ഭൂമി ഏറ്റെടുക്കൽ ആവശ്യമുള്ള രണ്ടും മൂന്നും ഘട്ടങ്ങൾ പൂർത്തീകരിക്കാനുള്ള അലൈൻമെന്റിൽ, അത് നിലവിൽ രണ്ട്

15-10-2026
Submission

പ്രശ്നങ്ങളാണുള്ളത്. ഒന്ന്, സിറ്റി റോഡ് ഇംപ്രൂവ്മെന്റിന് നൽകുമ്പോൾ ആദ്യ ഘട്ടത്തിൽ 17 മീറ്ററായിരുന്നു തീരുമാനിച്ചത്, രണ്ടാമത് അത് 22 മീറ്റർ വീതിയിൽ വേണമെന്ന് പറഞ്ഞു. അതിന് ഒരുപാട് പരാതികൾ ഞങ്ങൾ വന്നതിനുശേഷം വന്നിട്ടുണ്ട്. എന്തായാലും കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് വളരെ വേഗത്തിലാക്കണം. അതിൽ കക്ഷി രാഷ്ട്രീയമൊന്നുമില്ല. ചെറിയ ചെറിയ പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും എം.പി.-യുടെയും യോഗം ഈ മാസംതന്നെ വിളിച്ചുചേർത്ത് അടിയന്തര സത്വര നടപടികൾ സ്വീകരിക്കാം. 22 മീറ്റർ 17 മീറ്ററിലുള്ള, നാലാം ഘട്ടത്തിലാണ് പ്രശ്നങ്ങളൊക്കെ വരുന്നത്. മറ്റു ഘട്ടങ്ങളിൽ പ്രശ്നങ്ങളില്ല. ആയത് രമ്യമായി പരിഹരിച്ച് നമുക്ക് മുന്നോട്ട് പോകാം. ഏതായാലും സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി നടപ്പാക്കും. 22 മീറ്റർ 17 മീറ്ററിലുള്ള, നാലാം ഘട്ടത്തിലുള്ള പ്രശ്നങ്ങളെല്ലാം നമുക്ക് പരിഹരിക്കാം.

6. പഴശ്ശി കനാൽ, അണ്ടർ ടണൽ, ബണ്ട് റോഡ് എന്നിവയുടെ പുനർ നിർമ്മാണം

15-10-2026

## Submission

ശ്രീ. വി. കെ. സനോജ്: മാഡം ഡെപ്യൂട്ടി സ്പീക്കർ, കഴിഞ്ഞ കാലവർഷത്തിൽ പഴശ്ശി കനാലിന്റെ ഭാഗമായുള്ള കാര-തെളുപ്പ് പ്രദേശത്ത് അണ്ടർ ടണൽ പൂർണ്ണമായും തകർന്നിരുന്നു. അണ്ടർ ടണൽ തകർന്നതിന്റെ ഭാഗമായി സമീപത്തുള്ള ഏഴ് വീടുകളിൽ വെള്ളം കയറുകയും അവ നശിക്കുന്ന അവസ്ഥയുമുണ്ടായി. ആകെ പതിനായിരം രൂപ മാത്രമാണ് അവർക്ക് നഷ്ടപരിഹാരമായി ലഭിച്ചത്. അതിന്റെ ഭാഗമായുള്ള ബണ്ട് റോഡ് മണ്ണിടിഞ്ഞ് പൂർണ്ണമായും ഗതാഗതം തടസ്സപ്പെട്ടു. ഇപ്പോൾ വിദ്യാർഥികളുടെയും തൊഴിലാളികളുടെയും അതുവഴിയുള്ള യാത്ര വലിയ ബുദ്ധിമുട്ടിലാണ്. റോഡ് ഇപ്പോൾ ബ്ലോക്ക് ചെയ്തിട്ടുണ്ട്. ഈ വിഷയങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അടിയന്തര പ്രാധാന്യത്തോടുകൂടിതന്നെ കഴിഞ്ഞ ആഗസ്റ്റ് പതിനാലാം തീയതി തിരുവനന്തപുരത്തുവച്ച് യോഗം ചേർന്നിരുന്നു. ആ യോഗത്തിന്റെ തീരുമാനപ്രകാരം വളരെപെട്ടെന്ന് ഒരു മാസത്തിനകം ഇതിന്റെ ഡിസൈനും ഇൻവെസ്റ്റിഗേഷനും ടെൻഡർ നടപടികളുമെല്ലാം പൂത്തിയാക്കി പെട്ടെന്ന് കാര്യങ്ങളിലേക്ക് കടക്കാമെന്ന് പറഞ്ഞിരുന്നു.

15-10-2026

Submission

അങ്ങനെ മൂന്നരക്കോടിയുടെ വിശദമായൊരു ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഈ ഡി.പി.ആർ.-ന് മന്ത്രിസഭയുടെ അംഗീകാരം വേണ്ടതുണ്ട്. അതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ധനവകുപ്പിന്റെ പരിഗണനയിലാണുള്ളത് എന്നാണ് മനസ്സിലാക്കുന്നത്. ഇത് സംബന്ധിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ എന്നുള്ളതാണ് ഒരു കാര്യം. ഇതിന്റെ ഭാഗമായി പറയാനുള്ളത്, പഴശ്ശി കനാൽ പദ്ധതി ആറായിരം കോടി രൂപയുടെ ആസ്തിയുള്ളൊരു പദ്ധതിയാണ്. അതിപ്പോൾ പൂർണ്ണമായും നശിക്കുന്നൊരു നിലയിലേക്കാണ് കാര്യങ്ങളുള്ളത്. അറുപത് വർഷം മുൻപ് ഉണ്ടാക്കിയിട്ടുള്ളൊരു നിർമ്മിതിയാണ്. അതിൽ ഇപ്പോൾ ഒരു അണ്ടർ ടണൽ മാത്രമാണ് തകർന്നത്. അതുവഴി നിരവധി അണ്ടർ ടണലുകളുണ്ട്. ഇതെല്ലാം തകർന്നാൽ വലിയ അപകടമുണ്ടാകുന്ന രൂപത്തിലേക്കാണ് കാര്യങ്ങൾ പോകുന്നത്. ഇതെല്ലാം പുനർനിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. മറ്റൊന്ന്, കെട്ടിടങ്ങളെല്ലാം ഉപയോഗശൂന്യമായി കിടക്കുകയാണ്. പഴശ്ശി കനാലിന്റെ ഭാഗമായുള്ള ഇടങ്ങളെല്ലാം

കാട്ടുപിടിച്ച് കിടക്കുകയാണ്. അവിടെ വന്യജീവി ശല്യമുണ്ടാകുന്നു, സാമൂഹ്യവിരുദ്ധരുടെ പ്രശ്നങ്ങളുണ്ടാകുന്നു, ഇതെല്ലാം ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടാണ് ഉണ്ടാക്കുന്നത്. കഴിഞ്ഞ കുറെവർഷമായി കാര്യമായൊരു തുകയും പഴശ്ശി പദ്ധതിക്കുവേണ്ടി നീക്കിവച്ചിട്ടില്ല. ഇതെല്ലാം ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കുന്നു. പഴശ്ശി പദ്ധതി നവീകരിക്കാനാവശ്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. മാത്രമല്ല ഇറിഗേഷൻ ടൂറിസം പ്രോൽസാഹിപ്പിക്കാനാവശ്യമായ കാര്യങ്ങൾ കൂടി ചെയ്താൽ വരുമാനംകൂടി ഉണ്ടാക്കാൻ സാധിക്കും. വലിയ വരുമാനമുണ്ടാക്കാൻ കഴിയുന്ന കാര്യങ്ങളിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട് എന്നുകൂടി ആവശ്യപ്പെടുകയാണ്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): മാഡം ഡെപ്യൂട്ടി സ്പീക്കർ, 2026 ഓഗസ്റ്റ് 5, 6, 7 തീയതികളിലുണ്ടായ ശക്തമായ മഴയെത്തുടർന്ന് പഴശ്ശി പദ്ധതിയുടെ ഭാഗമായ മട്ടന്നൂരിലെ കാര പേരാവൂർ തെളുപ്പ് പ്രദേശത്തെ അമ്പത് വർഷത്തിലേറെ പഴക്കമുള്ള മെയിൻ കനാലും അനുബന്ധിച്ചിട്ടുള്ള അണ്ടർ ടണലും ബണ്ട് റോഡും തകരുകയും

15-10-2026

Submission

റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെടുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗം ശ്രീ. വി. കെ. സനോജ് ഈ പ്രശ്നങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് സർക്കാരിന് കത്ത് നൽകുകയുണ്ടായി. അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 14-08-2026-ൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ഉന്നതതല യോഗം തിരുവനന്തപുരത്ത് വിളിച്ചുചേർത്ത് പ്രശ്നങ്ങൾ പരിശോധിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി ടി പ്രദേശത്തിന്റെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും കനാലിന്റെയും ബണ്ട് റോഡിന്റെയും തകർച്ച വർധിക്കാതിരിക്കാനും തകർന്നതും പഴക്കമുള്ളതുമായ അണ്ടർ ടണൽ പുനർനിർമ്മിക്കുന്നതിന് ആവശ്യമായ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ  നടപ്പാക്കുന്നതിനുംവേണ്ടി ഒരു ഡി.പി.ആർ. തയ്യാറാക്കാൻ തീരുമാനിച്ചു. പഴശ്ശി ജലസേചന പദ്ധതിക്കുവേണ്ടിയുള്ള നോൺ പ്ലാൻ ഹെഡിൽ നിന്നും 13.62 ലക്ഷം രൂപ അടിയന്തരമായി അനുവദിച്ച് പ്രസ്തുത ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ പെട്ടെന്നുതന്നെ നടപ്പാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഗവൺമെന്റിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

15-10-2026

Submission

തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗത്തിന്റെ തീരുമാനപ്രകാരം തകർന്ന അണ്ടർ ടണൽ പുനർനിർമ്മിക്കാനും മെയിൻ കനാലും ബണ്ട് റോഡും പൂർവസ്ഥിതിയിലാക്കാനും കനാലിലൂടെയുള്ള ജലവിതരണം നടത്തുന്നതിനുംവേണ്ടി തീരുമാനമെടുത്തു. ഇതിനുവേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 3.31 കോടി രൂപയുടെ ഡി.പി.ആർ. ഭരണാനുമതിക്കുവേണ്ടി ജലസേചന വകുപ്പിന്റെ പ്രോജക്റ്റ് 1, ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് സമർപ്പിച്ചു. അടിയന്തിരമായിതന്നെ ഈ നടപടികൾ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അനുമതിക്കുവേണ്ടി, ഈ പ്രശ്നത്തിന്റെ ഗൗരവം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. അദ്ദേഹം അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം എന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതിയും അനുകൂല നടപടിയും സ്വീകരിക്കുന്നതിനെ തുടർന്നുമാത്രമെ തുടർനിർമ്മാണ പ്രവൃത്തികളിലേക്ക് കടക്കാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള

15-10-2026
Submission

പ്രവർത്തനങ്ങൾ തീർച്ചയായും നടത്തും. മേൽ സൂചിപ്പിച്ച പദ്ധതിക്ക് അനുമതി ലഭ്യമാക്കിയശേഷം മെയിൻ കനാൽ, ബണ്ട് റോഡ്, അണ്ടർ ടണൽ എന്നിവ പുനർനിർമ്മിക്കുന്നതിനും ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ വേഗത്തിലാക്കുന്നതാണ്. അതോടൊപ്പം അദ്ദേഹം ചൂണ്ടിക്കാണിച്ച പഴശ്ശി പദ്ധതിയുടെ കാലപ്പഴക്കം; ഇത്രയേറെ കാലഘട്ടം പിന്നിടുമ്പോൾ അതിന്റെ നവീകരണവും പുനർനിർമ്മാണവും ഉൾപ്പടെയുള്ള കാര്യങ്ങൾ തീർച്ചയായും സർക്കാർ പരിശോധിക്കുന്നതാണ്. അതിന്റെ സാധ്യതകൾ പരിശോധിക്കാം. ഇത്രയേറെ ഭൂമി അവിടെ അന്യാധീനപ്പെട്ടു കിടക്കുന്നു എന്നത് അങ്ങ് ചൂണ്ടിക്കാണിച്ചത് വസ്തുതയാണ്. കേരളമൊട്ടാകെ ഇറിഗേഷൻ വകുപ്പിന്റെയും വാട്ടർ അതോറിറ്റിയുടെയും അധീനതയിലുള്ള ഏക്കറുക്കണക്കിന് ഭൂമി അന്യാധീനപ്പെട്ടു കിടക്കുന്ന ഒരു സാഹചര്യമുണ്ട്. ടൂറിസം സാധ്യതകൾകൂടി പ്രയോജനപ്പെടുത്തി ഇത്തരത്തിലുള്ള പ്രധാനപ്പെട്ട സ്ഥലങ്ങൾ ഉൾപ്പെടുത്തി ഇറിഗേഷൻ ടൂറിസം എന്ന ഒരു പുതിയ പ്രോജക്റ്റിന് രൂപംനൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. അതുസംബന്ധിച്ച്

പ്രാഥമികമായ ചർച്ചകൾ ഇതിനോടകം നടന്നിട്ടുണ്ട്. ഇറിഗേഷൻ ടൂറിസത്തിന്റെ പൈലറ്റ് പ്രോജക്ടിൽ പഴശ്ശി പദ്ധതി പ്രദേശവും ഉൾപ്പെടുത്തുന്നതാണ് എന്ന കാര്യവുംകൂടി അറിയിക്കുന്നു.

## (7) കബനി നദിയിലെ ചെറുകിട തടയണ നിർമ്മാണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: മാഡം ഡെപ്യൂട്ടി സ്പീക്കർ, എന്റെ നിയോജക മണ്ഡലത്തിലെ മുള്ളൻകൊല്ലി-പുൽപ്പള്ളി ഗ്രാമപഞ്ചായത്തുകളിൽ കടുത്ത വരൾച്ച അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ വർഷം 15 ശതമാനം മഴയാണ് പ്രസ്തുത പ്രദേശത്ത് ലഭിച്ചത്. കബനി നദിയിലെ വെള്ളമാണ് അവിടുത്തെ കൃഷിയിടങ്ങളിൽ ഉപയോഗിച്ചുവരുന്നത്. കബനി തീരത്ത് ചെറുതും വലുതുമായ ഏഴോളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ സ്ഥാപിച്ചിട്ടുണ്ട്. അവയ്ക്ക് ഏതാണ്ട് ഇരുപത്തിയഞ്ച്-മുപ്പത് വർഷത്തെ പഴക്കമുണ്ട്. മാത്രമല്ല, കുരുമുളക്, കാപ്പി, നെൽകൃഷി എന്നിവയെല്ലാം കരിഞ്ഞ് ഉണങ്ങുകയാണ്. ഈ പ്രദേശം ഞാനും പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്ദർശിച്ചു. അങ്ങ് നൽകിയ നിർദേശമനുസരിച്ച് ഉദ്യോഗസ്ഥരടക്കം ഈ പ്രദേശം

15-10-2026

Submission

സന്ദർശിച്ചപ്പോൾ കാണാൻകഴിഞ്ഞത്, ഏതാണ്ട് ഏഴോളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് മെയിന്റനൻസും പമ്പ് സെറ്റ് മോട്ടോർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ മാറ്റിവയ്ക്കേണ്ടതുണ്ട്. മാത്രമല്ല, ചില സ്ഥലങ്ങളിൽ പദ്ധതികൾക്ക് വാൽവ് മാറ്റിവച്ച് വെള്ളം മറ്റൊരു ദിശയിലേക്ക് തിരിച്ചുവിടേണ്ടതുമുണ്ട്. പഞ്ചായത്തിന്റെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ തോടുകളിലും പുഴകളിലും താൽക്കാലിക തടയണകൾ സ്ഥാപിക്കുന്നുണ്ട്. കർണ്ണാടക അതിർത്തി പങ്കിടുന്ന കബനി നദിയിൽനിന്നുമാണ് ഇതിനാവശ്യമായ വെള്ളമെടുക്കേണ്ടത് എന്നതാണ് ഇതിലെ പ്രശ്നം. കബനി തീരത്ത് താൽക്കാലികമായി മണൽ ചാക്കുകൾ നിറച്ച് നിർമ്മിക്കുന്ന തടയണകൾ രാത്രിസമയങ്ങളിൽ കർണ്ണാടകയിലുള്ള ആളുകൾ പൊട്ടിച്ചുകളയുകയാണ്. യഥാർത്ഥത്തിൽ നമ്മുടെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളൊക്കെയും കബനി തീരത്താണ് സ്ഥാപിച്ചിട്ടുള്ളത്. കർണ്ണാടകയുമായി ആലോചിച്ച് അവർക്കും വെള്ളം കിട്ടത്തക്കവിധം ചെറുകിട തടയണകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യമാണ് ഉണ്ടാകേണ്ടത്. അതിന് കർണ്ണാടകയുമായി ചർച്ച നടത്തേണ്ടതുണ്ട്.

15-10-2026

Submission

കാവേരി നദീജല തർക്ക ട്രിബ്യൂണൽ കേരളത്തിന് അനുവദിച്ചത് 30 TMC ജലമാണ്. അതിൽ 21 TMC ജലം സംഭരിക്കേണ്ടത് വയനാട്ടിലെ കബനി ബേസിൽ നിന്നാണ്. ഇന്ന് 1700-ഓളം ചെറുകിട തടയണകളുണ്ട്. നമുക്ക് അനുവദിക്കുന്ന വെള്ളം 4.14 TMC ആണ്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ വളരെ ഗൗരവമായി ചർച്ച ചെയ്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ അടിയന്തിരമായി മെയിന്റനൻസ് ചെയ്യുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തരം എക്സിക്യൂട്ടീവ് എൻജിനീയർ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ അടിയന്തിരമായി അനുവദിക്കുന്നതോടൊപ്പം ടി പ്രദേശത്തെ വരൾച്ച തടയുന്നതിനുള്ള ഭാവി പദ്ധതികളെകുറിച്ച് ആലോചിക്കുന്നതിന് അങ്ങയുടെ നേതൃത്വത്തിൽ യോഗം വിളിച്ചുചേർക്കണമെന്നുകൂടി ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): മാഡം ഡെപ്യൂട്ടി സ്പീക്കർ, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി അസംബ്ലി മണ്ഡലത്തിൽപ്പെട്ട മുള്ളൻകൊല്ലി, പുൽപ്പള്ളി പഞ്ചായത്തുകളിൽ

15-10-2026
Submission

ഉൾപ്പടെയുള്ള പ്രദേശങ്ങളിൽ രൂക്ഷമായ വരൾച്ചയുടെ സാഹചര്യങ്ങൾ നിലനിൽക്കുന്നു. ബഹുമാനപ്പെട്ട അംഗം ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചൂണ്ടികാണിച്ച കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കുകയുണ്ടായി. ഇപ്പോൾതന്നെ കടുത്ത വരൾച്ചയുടെ സാഹചര്യങ്ങളുണ്ട്. വേനൽകാലം കൂടുതൽ രൂക്ഷമാകുന്നതോടുകൂടി കബനി നദി, കന്നാരം പുഴ എന്നിവയിലെ ജലനിരപ്പ് ക്രമാതീതമായി താഴുകയും കൃഷിക്കും കുടിവെള്ളത്തിനും ജലലഭ്യത കുറയുന്ന സാഹചര്യവുമാണ് അവിടെ നിലനിൽക്കുന്നത്. അദ്ദേഹം ചൂണ്ടികാണിച്ചതുപോലെ ഇതിനുള്ള പരിഹാര മാർഗങ്ങൾ നിലവിൽ ഡിപ്പാർട്ടുമെന്റ് പരിശോധിച്ചിട്ടുണ്ട്. കബനി പുഴയിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി കോൺക്രീറ്റ് ചെക്ക് ഡാമുകൾ നിർമ്മിക്കുക എന്നതാണ് പ്രധാനപ്പെട്ട നിർദേശമായി വന്നിട്ടുള്ളത്. പുതിയ ചെക്ക് ഡാം നിർമ്മിക്കുന്നതിലൂടെ കൊളവള്ളി സ്റ്റേജ്-1, കൊളവള്ളി സ്റ്റേജ്-2, അമ്പത് വയൽ, മരക്കടവ് എന്നീ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾക്ക് വേനൽകാലത്ത് പമ്പിങ് മുടങ്ങാതിരിക്കുവാനും മുള്ളംകൊല്ലി പഞ്ചായത്തുപ്രദേശങ്ങളിൽ കടുത്ത വരൾച്ചയ്ക്ക് ഒരു പരിഹാരമെന്ന

നിലയിലുള്ള ഇടപെടലിനും സാഹചര്യങ്ങൾ ഒരുക്കണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ നിർദേശപ്രകാരം പരിശോധിച്ചതിൽ നിന്ന് ഡിപ്പാർട്ടുമെന്റ് നിർദേശിച്ചത്. ഈ നിർമ്മാണ പ്രവർത്തനങ്ങൾ അന്തർസംസ്ഥാന നദിയായ കബനി നദിക്ക് കുറുകെയാണ് നടത്തേണ്ടത്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ 05-02-2007-ലെ കാവേരി വാട്ടർ ഡിസ്പ്യൂട്ട് ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവുപ്രകാരം 16-02-2018-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരം വരുത്തിയ ഭേദഗതികളുടെ അടിസ്ഥാനത്തിൽ കാവരി നദീതടത്തിന്റെ ഭാഗമായ കബനി ഉപതടത്തിൽനിന്ന് കേരളത്തിന് 21 TMC ജലം അനുവദിച്ചിട്ടുണ്ട്. ഇതിൽ 2.55 TMC ജലം ചെറുകിട ജലസേചന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കുവേണ്ടി മാറ്റിവച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഭേദഗതി ചെയ്ത ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവിൽ ബാധകമായ വ്യവസ്ഥകൾക്കും മറ്റ് പ്രസക്തമായ നിയന്ത്രണ മാനദണ്ഡങ്ങൾക്കും വിധേയമായി കേരളത്തിന് അനുവദിച്ച 2.55 TMC പരിധിക്കുള്ളിൽ നിന്നുകൊണ്ട് ചെറുകിട ജലസേചന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിയുന്നതാണ്. ഇക്കാര്യം പ്രത്യേകമായി

പരിശോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോൾ ഉന്നയിച്ച വിഷയങ്ങളും സർക്കാർ മുന്നോട്ടുവച്ചിരിക്കുന്ന നിർദേശങ്ങളും ഉൾപ്പടെ ചർച്ച ചെയ്യുന്നതിനും ആവശ്യമായ തീരുമാനമെടുക്കുന്നതിനും മണ്ഡലത്തിലെ ഇറിഗേഷന്റെയും വാട്ടർ അതോറിറ്റിയുടെയും വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുംവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും പ്രാദേശിക ജനപ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് എം.എൽ.എ.യുടെ സാന്നിധ്യത്തിൽ പ്രത്യേകമായി യോഗം വിളിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. തീർച്ചയായിട്ടും അത്തരം യോഗം ഉടൻതന്നെ വിളിച്ചുചേർക്കുന്നതാണ്. ആ യോഗത്തിൽവച്ച് ബാക്കി കാര്യങ്ങൾ പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്. രണ്ടാമതായി കർണ്ണാടക സർക്കാരുമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനെകുറിച്ച് അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കർണ്ണാടക ജലവിഭവ വകുപ്പുമന്ത്രിയുമായും കർണ്ണാടക സർക്കാരുമായും ഇക്കാര്യം പ്രത്യേകമായി ചർച്ച ചെയ്യുന്നതാണ്. ആവശ്യമായ തീരുമാനങ്ങളെടുക്കുന്നതിന് രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള

*Submission*

കൂടിയാലോചനകൾ ആവശ്യമാണ്. മറ്റൊരു കാര്യം അദ്ദേഹം പറഞ്ഞിട്ടുള്ളത് ലിഫ്റ്റ് ഇറിഗേഷന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ളതിന് അനുമതി കൊടുക്കണമെന്നുള്ളതാണ്. അതുപ്രകാരം അത്യാവശ്യമായി ചെയ്യേണ്ട വർക്കുകൾക്ക് ഉടൻതന്നെ സാങ്ഷൻ കൊടുക്കുന്നതായിരിക്കും.

(8) <u>പെരുമ്പാവൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഗവൺമെന്റ് ആശുപത്രി നവീകരണം</u>

<u>ശ്രീ. മനോജ് മൂത്തേടൻ:</u> സർ, പെരുമ്പാവൂർ കുന്നത്തുനാട് നിയോജകമണ്ഡലങ്ങളിലെ തദ്ദേശീയരായ നാല് ലക്ഷത്തോളംപേരും ഇതരസംസ്ഥാന തൊഴിലാളികളായ ഒന്നര ലക്ഷത്തോളംപേരും ഏറ്റവുമധികം ആശ്രയിക്കുന്ന ഒരു പ്രധാനപ്പെട്ട സർക്കാർ ആശുപത്രിയാണ് പെരുമ്പാവൂരിലെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി. എന്നാൽ ഈ ആശുപത്രി വലിയ പ്രയാസങ്ങളുടെയും പരാധീനതകളുടെയും നടുവിലൂടെയാണ് കടന്നുപോകുന്നത്. കാഷ്വാലിറ്റിയിലും ഒ.പി.-യിലും പകലും രാത്രിയുമായി പ്രതിദിനം 1800-ലധികം ആളുകളെ ചികിത്സിക്കുന്ന ഒരു ആശുപത്രി കൂടിയാണ്. പക്ഷേ അവിടെ വേണ്ടത്ര സൗകര്യങ്ങളില്ല

എന്നുള്ളത് ഒരു വലിയ പോരായ്മയായി ഇപ്പോഴും നിൽക്കുകയാണ്. കാലപ്പഴക്കംകൊണ്ട് ചോർന്നൊലിക്കുന്ന കെട്ടിടങ്ങളും ആധുനിക സൗകര്യങ്ങളില്ലാത്ത ഓപ്പറേഷൻ തിയേറ്ററുമെല്ലാം ഈ ആശുപത്രി നൽകേണ്ട സേവനത്തെ പുറകോട്ട് വലിക്കുകയാണ്. ഈ ആശുപത്രിയുമായി ബന്ധപ്പെട്ട് നിരവധി പോരായ്മകൾ പല ഘട്ടങ്ങളിലായി ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും അത് പരിഹരിക്കാനാവശ്യമായ നടപടികൾ ഉണ്ടായിട്ടില്ല. താലൂക്ക് ആശുപത്രിയാണെങ്കിലും ജില്ലാ ആശുപത്രിയിലുള്ളതിനേക്കാൾ കൂടുതൽ രോഗികൾ പ്രതിദിനം കടന്നുവരുന്ന സാഹചര്യത്തിൽ ജില്ലാ ആശുപത്രിക്ക് സമാനമായ സൗകര്യമാണ് ഈ ആശുപത്രിയിലും ഏർപ്പെടുത്തേണ്ടത്. അത്രയേറെ രോഗികളും കേസുകളുമാണ് വരുന്നത്. അതുകൊണ്ടുതന്നെ ജില്ലാ ആശുപത്രിയുടെ സ്റ്റേണ്ട്തിന് തുല്യമായ ജീവനക്കാരെയും ഡോക്ടർമാരെയും നിയമിക്കേണ്ടത് അനിവാര്യമാണ്. അവിടെ ചില പ്രയാസങ്ങളുള്ളത്, താലൂക്ക് ആശുപത്രിയുടെ സ്റ്റാൻഡേർഡ് കണക്കെടുത്താൽ 21 ഡോക്ടർമാർ വേണ്ടയിടത്ത് ഇപ്പോൾ 18 പേരേയുള്ളൂ, മൂന്ന് ഡോക്ടർമാരുടെ ഒഴിവുണ്ട്.

15-10-2026

Submission

അതുപോലെ മറ്റു ജീവനക്കാരുടേയും ഒഴിവുകളുണ്ട്. കൺസൾട്ടന്റ് ഫിസിഷ്യൻ, ഒഫ്താൽമോളജി, ഇ.എൻ.ടി. ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ വേക്കൻസി ഇപ്പോൾത്തന്നെയുണ്ട്. അതുകൂടാതെ പ്രസ്തുത ആശുപത്രിയിലെ ഡെന്റൽ ഡോക്ടർ ഒരു മാസത്തിൽ 18 ദിവസം അവധിയിലാണ്. മിനിമം 18 ദിവസമെങ്കിലും ഡോക്ടർ ലീവെടുക്കും. ബാക്കി പത്തോ പന്ത്രണ്ടോ ദിവസമാണ് വരുന്നത്. വരുന്ന ദിവസം ഒരു രോഗിയെപ്പോലും നോക്കില്ല. കഴിഞ്ഞ രണ്ട് വർഷത്തിലധികമായി പെരുമ്പാവൂർ താലൂക്ക് ആശുപത്രിയിലുള്ള ഡെന്റൽ ഡോക്ടർ ഒരു രോഗിയെപ്പോലും നോക്കിയിട്ടില്ല എന്നുപറയുമ്പോൾ ആ ഡോക്ടർക്ക് ശമ്പളം കൊടുക്കുന്നത് എന്തിനാണെന്നൊരു ചോദ്യം വരികയാണ്. അതുപോലെ അവിടെ ഗൈനക്കോളജിയിൽ രണ്ട് ഡോക്ടർമാരുണ്ട്. ഞാൻ വേദനയോടുകൂടി ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്, കഴിഞ്ഞ മൂന്നര വർഷമായി രണ്ട് ഗൈനക്കോളജി ഡോക്ടർമാരുണ്ടായിട്ടും അവിടെ നടന്ന സിസേറിയനെക്കുറിച്ച് ഒരു അന്വേഷണം നടത്തിയാൽ സത്യത്തിൽ സർക്കാരിന്റെ പൊതുഫണ്ട് എന്തിനുവേണ്ടി ചെലവഴിക്കപ്പെടുന്നു എന്ന

15-10-2026
Submission

ചോദ്യം ഉയർന്നുവരും. കാരണം രണ്ട് ഡോക്ടർമാരിൽ ഒരു ഡോക്ടർക്ക് ചോരകണ്ടാൽ പേടിയാണ്. ചോരകണ്ടാൽ പേടിയുള്ള ഒരു ഗൈനക്കോളജി ഡോക്ടർ പിന്നെങ്ങനെ സിസേറിയൻ ചെയ്യും? അവിടെ നേരത്തെ സിസേറിയൻ നടത്തിക്കൊണ്ടിരുന്ന ഡോക്ടർ സിസേറിയൻ ചെയ്യാൻ തയ്യാറാണ്. പക്ഷേ ഞാൻ സൂചിപ്പിച്ച, ചോരകണ്ടാൽ പേടിയുള്ള ഡോക്ടർ വന്നതിനുശേഷം നേരത്തെ ഓപ്പറേഷൻ ചെയ്തുകൊണ്ടിരുന്ന ഡോക്ടറെപ്പോലും അതിൽനിന്ന് പതുക്കെ പിൻവലിപ്പിച്ച് രണ്ടുപേരുംകൂടി ഒരു സിസേറിയൻപോലും ചെയ്യാത്ത അവസ്ഥയിലായിരുന്നു. രണ്ട് മാസംമുമ്പ് അവിടെനിന്ന് ടി ഡോക്ടർ അങ്കമാലിയിലേക്ക് പോയതിനെത്തുടർന്ന് പുതിയ ഡോക്ടർ വന്നിട്ടുണ്ട്. ഇനിയിപ്പോൾ അങ്കമാലിയിലെ അവസ്ഥയും അങ്ങനെയാകാൻ പോവുകയാണ്. കഴിഞ്ഞ മൂന്നര വർഷക്കാലംകൊണ്ട് ഒരു സിസേറിയൻപോലും നടത്താൻ തയ്യാറാകാത്ത ഡോക്ടർക്ക് വൻതുക ശമ്പളം കൊടുക്കുന്നത് പരിശോധിക്കേണ്ടതാണ്. അതുപോലെതന്നെ മറ്റൊരു പ്രധാനപ്പെട്ട വിഷയം, ഇപ്പോൾ അവിടെ പോസ്റ്റ്മോർട്ടം കേസുകൾ ഒരുപാട് വരുന്നുണ്ട്.

15-10-2026
Submission

കാരണം ഇതര സംസ്ഥാന തൊഴിലാളികളുടെ ഒരു കേന്ദ്രം കൂടിയായ പെരുമ്പാവൂരിൽ ഒന്നര ലക്ഷത്തോളം തൊഴിലാളികളാണുള്ളത്. പ്ലൈവുഡ്, തടി വ്യവസായ സ്ഥാപനങ്ങൾ ഉള്ളതുകൊണ്ട് ഇതര സംസ്ഥാന തൊഴിലാളികൾ ധാരാളം എത്തിച്ചേരുന്ന സ്ഥലമാണ്. അതിനാൽ മരണങ്ങളും ആത്മഹത്യകളും കൂടുതലായി നടക്കുന്നുണ്ട്. മരണങ്ങൾ ഉണ്ടായിക്കഴിഞ്ഞ് താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം ചെയ്യാൻ വരുമ്പോൾ..., കഴിഞ്ഞ ആഴ്ചയിലുണ്ടായ ഒരു സംഭവം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ആഴ്ചയിൽ പോയ്സൺ കഴിച്ച് ഒരു മലയാളി കോലഞ്ചേരി മെഡിക്കൽ മിഷൻ മെഡിക്കൽ കോളേജിൽ അഡ്മിറ്റായി, ഒരാഴ്ച ചികിത്സ നടത്തി അവസാനം മരണപ്പെട്ടു. മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യാൻ പെരുമ്പാവൂർ ആശുപത്രിയിൽ കൊണ്ടുവന്നപ്പോൾ മൃതദേഹം പരിശോധിച്ച ഡോക്ടർ, "എനിക്ക് പോസ്റ്റ്മോർട്ടം ചെയ്യാൻ അറിയില്ല" എന്നുപറഞ്ഞ് തിരിച്ചയയ്ക്കാൻ തീരുമാനിച്ചു. അവസാനം ഞാൻ അവിടത്തെ ഡി.എം.ഒ.-യെ വിളിച്ച് എം.എൽ.എ. എന്ന നിലയിൽ ആശുപത്രിക്ക് മുമ്പിൽ

15-10-2026
Submission

കുത്തിയിരിക്കുമെന്ന് പറഞ്ഞപ്പോഴാണ് ഡി.എം.ഒ. വേറൊരു ഡോക്ടറെ ചുമതലപ്പെടുത്തി പോസ്റ്റ്മോർട്ടം ചെയ്തത്. അതിന് ഒരു മാസംമുമ്പ്, വലിയ വിവാദമായൊരു സംഭവമുണ്ട്. ഒരു മാസംമുമ്പ് മൃതദേഹവുമായി ഒരു കുടുംബം വന്നു. ഈ ആൾ മരണപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാൻ വന്നപ്പോൾ തർക്കം ഉന്നയിച്ച് ഒന്നര മണിക്കൂർ നേരം ആംബുലൻസിൽ ആ മൃതദേഹം വച്ചുകൊണ്ടിരുന്നു. അങ്ങനെ വളരെ നിരുത്തരവാദപരമായ സമീപനങ്ങളാണ് അത്തരം കാര്യങ്ങളിൽ എടുക്കുന്നത്. പോസ്റ്റ്മോർട്ടം കേസുകളെല്ലാം പൊലീസ് സർജൻ ചെയ്യട്ടെയെന്ന് പറഞ്ഞിട്ടാണ് പെരുമ്പാവൂർ ആശുപത്രിയിലെ ഡോക്ടർമാർ പല കേസുകളും റഫർ ചെയ്യുന്നത്. എല്ലാം കളമശ്ശേരിയിലേക്ക് അല്ലെങ്കിൽ മൂവാറ്റുപുഴയിലേക്ക്, പൊലീസ് സർജൻ ചെയ്യട്ടെ എന്നുപറഞ്ഞ് റഫർ ചെയ്യുമ്പോൾ, "ഇത്തരം കേസുകളെല്ലാം എന്തിനാണ് ഞങ്ങളുടെ അടുത്തേക്ക് വിടുന്നത്" എന്നുള്ള ചോദ്യം അവരിൽനിന്നും ഉയരുകയാണ്. അങ്ങനെ വലിയ പ്രയാസം ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ ദിവസവും നാലോ അഞ്ചോ മരണങ്ങളുണ്ടാകും. എല്ലാ ദിവസവും എം.എൽ.എ. എന്ന നിലയിൽ

15-10-2026

Submission

ആശുപത്രിയിൽപോയി പോസ്റ്റ്മോർട്ടത്തിനുവേണ്ടി ഡി.എം.ഒ.-യുടെയോ സൂപ്രണ്ടിന്റെയോ ഡോക്ടർമാരുടെയോ മുമ്പിൽ അഭ്യർത്ഥിക്കേണ്ട അവസ്ഥവരികയാണ്. അതുകൊണ്ട് അടിയന്തരമായി പെരുമ്പാവൂർ താലൂക്ക് ആശുപത്രിയുടെ ഈ ശോചനീയമായ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതുണ്ട്. സൗകര്യങ്ങളുടെ പ്രശ്നമുണ്ട്, ഡോക്ടർമാരുടെ കുറവുണ്ട്, ഉള്ള ഡോക്ടർമാർ ജോലി ചെയ്യാത്ത പ്രശ്നമുണ്ട്, മറ്റു സൗകര്യങ്ങളുടെ കുറവുണ്ട്, അങ്ങനെയുള്ള കാര്യങ്ങളെല്ലാമുണ്ട്. കൂടാതെ മലിനജലം സംസ്കരിക്കുന്നതിന് വേണ്ടിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അഭാവമുണ്ട്. അങ്ങനെ ധാരാളം പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് ആരോഗ്യ വകുപ്പുമന്ത്രി അടിയന്തരമായി അതിലിടപെട്ട് ഡയറക്ടർ തലത്തിൽത്തന്നെ ഒരു യോഗം വിളിച്ചുകൂട്ടി പെരുമ്പാവൂർ താലൂക്ക് ആശുപത്രിക്ക് പ്രത്യേക പരിഗണന നൽകി, ആവശ്യമായ സൗകര്യങ്ങളും ഡോക്ടർമാരെയും നിയമിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, പെരുമ്പാവൂർ നഗരസഭയുടെ കീഴിലുള്ള താലൂക്ക് ആസ്ഥാന ആശുപത്രി

15-10-2026

Submission

പെരുമ്പാവൂർ നഗരസഭയിലെയും സമീപത്തെ 12 പഞ്ചായത്തുകളിലെയും ഏകദേശം 3,25,000 ജനങ്ങൾക്ക് ആരോഗ്യ സേവനം നൽകുന്ന ഒരു പ്രധാന സ്ഥാപനമാണ്. പ്രതിദിനം ആയിരത്തോളം രോഗികൾ ഒ.പി. വിഭാഗത്തിലും മുന്നൂറോളംപേർ കാഷ്വാലിറ്റിയിലും ചികിത്സ തേടുന്നുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി ഒ.പി. നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ആശുപത്രിയുടെ നവീകരണത്തിനായി മൂന്ന് കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ട്രാൻസ്ഫോർമറിന്റെ നിർമ്മാണം ആരംഭിക്കുകയും സ്റ്റോർ, ലിഫ്റ്റ് എന്നിവയുടെ പ്രവൃത്തികൾക്കുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ഉൾപ്പെടെയുള്ള ചികിത്സാസൗകര്യങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ പഴയ കെട്ടിടങ്ങളുടെ ബലക്ഷയവും അറ്റകുറ്റപ്പണികളുടെ ആവശ്യകതയും നിലനിൽക്കുന്നുണ്ട്. ഉപയോഗയോഗ്യമല്ലാത്ത കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനും നഴ്സിങ് അസിസ്റ്റന്റ്,

*15-10-2026*
*Submission*

ആശുപത്രി അറ്റൻഡന്റ്, പാർട്ട്ടൈം സ്വീപ്പർ തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ആശുപത്രിയുടെ പദവിക്കനുസൃതമായി അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.+ ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഒന്നോ രണ്ടോ ഡോക്ടർമാരുടെ പ്രവർത്തനത്തിന്റെ തകരാറുണ്ട്. ഡോക്ടർമാർ എല്ലാവരും അങ്ങനെയല്ല. അങ്ങനെയും ചില ഡോക്ടർമാരുണ്ട്. ബഹുജനം പലവിധം എന്നുപറഞ്ഞതുപോലെ ഡോക്ടർമാരുടെ ഇടയിൽ അങ്ങനെ ചിലരുമുണ്ട്. അങ്ങനെയുള്ളവർക്കെതിരെ അത്യാവശ്യം വേണ്ട സ്ഥലംമാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. ഒന്നാമത്, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിൽ ഡോക്ടർമാർ കുറവാണ്, ഡോക്ടർമാരെ കിട്ടാനില്ല. പുതിയ

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ട്. 1800-ഓളം പുതിയ ഡോക്ടർമാരുടെയും 500-ൽപരം നഴ്സുമാർ, ലാബ് അസിസ്റ്റന്റുമാർ തുടങ്ങിയവരുടെ ലിസ്റ്റാണ് കൊടുത്തിട്ടുള്ളത്. അത് അംഗീകരിച്ച് കിട്ടുമ്പോൾ ഈ പ്രയാസങ്ങൾ പരിഹരിക്കാൻ കഴിയും.

(9) <u>റോഡപകടങ്ങളിലെ വർധന</u>

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, സംസ്ഥാനത്ത് റോഡപകടങ്ങളും മരണങ്ങളും അനിയന്ത്രിതമായി വർധിക്കുന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ട് അടിയന്തരനടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്. 2025 ജനുവരി മുതൽ 2026 ജൂലൈ വരെയുള്ള കാലയളവിൽ 6000-ൽപരം അപകടമരണങ്ങളാണ് നമ്മുടെ റോഡുകളിൽ നടന്നതെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഒരു ലക്ഷത്തിലധികം പേർക്ക് പരിക്കേറ്റു. പരിക്കേൽക്കുന്നതിൽ 60 ശതമാനത്തിലധികവും 18-നും 45-നും ഇടയിൽ പ്രായമുള്ളവരാണ്. അതിന്റെ ഏറ്റവും വലിയൊരു ദുരന്തം, പരിക്കേറ്റ് കിടക്കുന്ന ആളുകളൊക്കെ

15-10-2026

Submission

ജീവച്ഛവമായി ജീവിതത്തിൽ ഒരിക്കലും ഇനി ബെഡിൽനിന്നും എഴുന്നേൽക്കാൻ പറ്റാത്ത രൂപത്തിൽ മോശമായൊരു സാഹചര്യത്തിൽ ജീവിക്കേണ്ടിവരികയാണ്. അതിവേഗതയും അശ്രദ്ധയും ലഹരിക്കും മദ്യത്തിനും അടിമപ്പെട്ടുള്ള വാഹനം ഓടിക്കലും ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള അജ്ഞതയുമാണ് അപകടത്തിന്റെ പ്രധാന കാരണം. 100-ഉം 120-ഉം കിലോമീറ്റർ സ്പീഡിൽ വാഹനം ഓടിക്കാവുന്ന റോഡാണ് ഇപ്പോൾ എൻ.എച്ച്.-ൽ ഉള്ളത്. അവിടെ ഒരു ട്രാഫിക് നിയമവും പാലിക്കാതെയാണ് ആളുകൾ വാഹനം ഓടിക്കുന്നത്. ഏത് ട്രാക്കിലാണ് സ്പീഡ് കുറയുമ്പോൾ ഓടേണ്ടത്, എക്സിറ്റ് പോകേണ്ടത് എങ്ങനെയാണ്, എൻട്രി എങ്ങനെയാണ്, യു-ടേൺ എങ്ങനെയെടുക്കണം എന്നതിനെക്കുറിച്ചൊന്നും ഒരു ധാരണയുമില്ല. ട്രാഫിക് നിയമത്തെക്കുറിച്ച് ഒരു ധാരണയുമില്ലാത്തതാണ് ഏറ്റവും കൂടുതൽ അപകടം വർധിക്കാനുള്ള കാരണം. നെടുമ്പാശ്ശേരിയിൽ ഏതാനും ദിവസംമുമ്പ് ഒരു ചെറുപ്പക്കാരൻ മദ്യപിച്ച് അശ്രദ്ധമായി വാഹനം ഓടിച്ചതിന്റെ ഫലമായി മൂന്നുപേർക്കുണ്ടായ ദാരുണാന്ത്യം ഇന്നും മാധ്യമങ്ങളിൽ വലിയ വാർത്തയാണ്. സ്പീഡ്

15-10-2026

Submission

ഗവർണർ സംവിധാനവും ഫോൺ നിരോധനവുമെല്ലാം നാം എന്നേ ഉപേക്ഷിച്ചുകളഞ്ഞു. അതീവ പ്രാധാന്യത്തോടുകൂടിയാണ് കേരളത്തിലെ മുഖ്യധാരാ പത്രങ്ങളെല്ലാം റോഡിലെ ഈ കൂട്ടക്കുരുതിയെക്കുറിച്ച് റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നത്. എന്നിട്ടും അധികൃതരും ബന്ധപ്പെട്ടവരും ഇത് കണ്ടില്ലെന്ന് നടിക്കുകയാണ്. വാസ്തവത്തിൽ നിര തെറ്റിച്ചും ഹോൺ മുഴക്കിയും ബോഡിയിൽ ഇടിച്ചും ഞെട്ടിച്ചും അമിതവേഗതയിൽ മുന്നോട്ടുപോകുന്ന വാഹനങ്ങൾ നമ്മുടെ നിയമ സംവിധാനത്തിന്റെ പരിഹാസ്യമായ അവസ്ഥ തുറന്നുകാണിക്കുകയാണ് ചെയ്യുന്നത്. ബസ്സുകൾ മാത്രമല്ല മറ്റെല്ലാ വാഹനങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്. കർശന നിയമവ്യവസ്ഥകൾകൊണ്ട് മാത്രമേ ഇതിന് അറുതിവരുത്താൻ കഴിയൂ. റോഡപകടങ്ങളിൽ മനഃപൂർവമല്ലാത്ത നരഹത്യയ്ക്കാണ് ഇപ്പോൾ കേസെടുക്കുന്നത്. ഇത്തരത്തിൽ കർശനമല്ലാത്ത നിയമങ്ങൾ പൂർണ്ണമായും മാറ്റേണ്ടതാണ്. അടുത്ത കാലത്താണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഇക്കാര്യത്തിൽ ഇടപെട്ട് ചില സുപ്രധാന നിർദേശങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളത്.

ഇതുകൂടി കണക്കിലെടുത്ത് റോഡ് സുരക്ഷ ഉറപ്പാക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ചത്, ഇന്ന് നമ്മുടെ നാട്ടിലെ ജനങ്ങൾ ഏറ്റവും കൂടുതൽ ആശങ്കയോടുകൂടി കാണുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണെന്ന കാര്യത്തിൽ സംശയമില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ ജാഗ്രത പുലർത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായി ഈ വിഷയം ക്യാബിനറ്റ് ചർച്ച ചെയ്യുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ കേരള റോഡ് സുരക്ഷാ മിഷൻ അംഗീകരിക്കുകയും ചെയ്തു. ഗതാഗത വകുപ്പുമന്ത്രി കോ-ചെയർമാനും ആഭ്യന്തരം, പൊതുമരാമത്ത്, ആരോഗ്യം, സാമൂഹ്യനീതി, ഉന്നത വിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം, റവന്യൂ എന്നീ വകുപ്പുമന്ത്രിമാർ അംഗങ്ങളായിട്ടുള്ള ഒരു മിഷൻ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആ മിഷന് ഒരു ഡയറക്ടറേറ്റ് ഉണ്ടായിരിക്കും. അതിന് നേതൃത്വം നൽകുന്നത് ട്രാൻസ്പോർട്ട് കമ്മിഷണറും സി.ഇ.ഒ. ആയി റോഡ് സേഫ്റ്റി കമ്മിഷണറുമായിരിക്കും പ്രവർത്തിക്കുന്നത്.

15-10-2026

Submission

വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പറയുന്ന ചില ലക്ഷ്യങ്ങൾ കൈവരിക്കലാണ് ഇതിന്റെ പ്രധാന ഉദ്ദേശം. അവർ പറയുന്നത്, ഏറ്റവും കൂടുതൽ ആളുകൾക്ക് സഡൻ ഡെത്ത് നേരിടേണ്ടിവരുന്നത് ഹാർട്ട് അറ്റാക്ക് കഴിഞ്ഞാൽ റോഡ് അപകടങ്ങളിലാണെന്നാണ്. റോഡ് അപകടങ്ങളിൽ ലോകത്ത് ലക്ഷക്കണക്കിന് ആളുകൾ  മരിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ ഇതിനിടയിൽ  ചില രാജ്യങ്ങൾ നീണ്ടകാലം എടുത്തിട്ടാണെങ്കിൽപ്പോലും അവരുടെ രാജ്യത്തുണ്ടാകുന്ന റോഡപകട മരണനിരക്ക് ഗണ്യമായി കുറച്ചിട്ടുണ്ട്. സ്വീഡൻ എന്ന രാജ്യത്ത് ഒരുകോടി ആളുകൾക്ക് ഏതാണ്ട് ഇരുനൂറ് ആളുകളാണ് നിലവിൽ മരിക്കുന്നത്. അങ്ങനെ മരിക്കണമെന്നല്ല പറയുന്നത്. എന്നാൽ കേരളത്തിൽ മരിക്കുന്ന ആളുകളുടെ കണക്ക് നേരത്തെ ശ്രീ. പാറക്കൽ അബ്ദുല്ല ഇവിടെ സൂചിപ്പിച്ചു. അതിന്റെ കൃത്യമായ സ്റ്റാറ്റിസ്റ്റിക്സ് നോക്കുകയാണെങ്കിൽ 2025-ൽ 3734 ആളുകൾ മരിച്ചു. ഏറ്റവും ബെസ്റ്റ് പ്രാക്ടീസ് നടക്കുന്ന രാജ്യത്ത് മൂന്നരകോടി ആളുകൾക്ക് ഏതാണ്ട് എണ്ണൂറ് ആളുകളാണ് മരിക്കാൻ സാധ്യതയുള്ളത്. എന്നാൽ കേരളത്തിൽ 3734 ആളുകൾ മരിച്ചു.  ഇത് വളരെ ഉയർന്ന റേറ്റാണ്.  ആയുർദൈർഘ്യത്തിന്റെയും

15-10-2026

Submission

ശിശുമരണനിരക്കിന്റെയും മാതൃമരണനിരക്കിന്റെയും കാര്യത്തിലൊക്കെ ലോകത്തെ പ്രധാനപ്പെട്ട യൂറോപ്യൻ രാജ്യങ്ങളുമായി കിടപിടിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ റോഡപകട മരണത്തിന്റെ കാര്യത്തിലും ലോകത്തെതന്നെ ഏറ്റവും മികച്ച ഒരു സമൂഹത്തിനോടൊപ്പം എത്താൻ കഴിയുമെന്ന പ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്. രാഷ്ട്രീയ വ്യത്യാസമോ മതപരമായ വ്യത്യാസങ്ങളോ ഒന്നുമില്ലാതെ ഒറ്റക്കെട്ടായി നമ്മൾ പ്രവർത്തിച്ചാൽ ഏതാനും വർഷങ്ങൾക്കൊണ്ട് ഈ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ നമുക്ക് കഴിയും. എന്നാൽ നമ്മൾ ഒരു ലക്ഷ്യം വച്ചിട്ടുണ്ട്. മൂന്ന് വർഷത്തെ ലക്ഷ്യം വച്ചുകൊണ്ട്, നിശ്ചിത ശതമാനം കുറയ്ക്കുകയെന്ന് പറയാതെ ഗണ്യമായി കുറയ്ക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ട് നമ്മൾ മുന്നോട്ടുപോകുന്നു. ഇതിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന് ക്യാമ്പയിനാണ്. അതിനെ 'എൻലൈറ്റനിങ്' എന്നുവേണമെങ്കിൽ വിളിക്കാം. ബോധവൽക്കരിക്കുക എന്ന വാക്ക് പറഞ്ഞുപറഞ്ഞ് തേഞ്ഞ് പോയെങ്കിൽപ്പോലും ആളുകളെ ഈ വിഷയത്തിലേക്ക് ഉണർത്തിക്കൊണ്ടുവരേണ്ടതുണ്ട്. അതിലും പ്രധാനമാണ് 'എൻഫോഴ്സ്മെന്റ്'.

ഇത്തരത്തിലൊരു പ്രശ്നമുണ്ടായാൽ ഗൗരവമായ നടപടി ഉണ്ടാകുമെന്ന് ബോധ്യപ്പെടുത്തുകയും നടപടി സ്വീകരിക്കുകയും ചെയ്യുക എന്നതാണ് അത്. ഇന്നലെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി എറണാകുളം ജില്ലയിലുണ്ടായ അപകടത്തെക്കുറിച്ച് വിശദമായി സഭയിൽ പറയുകയുണ്ടായി. പക്ഷെ ഇതിനകത്ത് കേന്ദ്ര നിയമം ബാധകമായതിനാൽ നമുക്ക് വലിയ പരിമിതികളുണ്ടെന്ന് സഭ മനസ്സിലാക്കണം. കൂടുതൽ കർശനമായി നിയമങ്ങൾ എങ്ങനെ കൊണ്ടുവരാൻ സാധിക്കുമെന്ന കാര്യത്തിൽ സഭ കൂട്ടായി ആലോചിക്കുകയും ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനോടുൾപ്പെടെ ഗൗരവമായ ശ്രദ്ധവേണമെന്ന് ആവശ്യപ്പെടുകയും ചെയ്യണമെന്ന കാര്യത്തിൽ സംശയമില്ല. അപകടം സംഭവിച്ച് കിടപ്പിലായവരെക്കുറിച്ചാണ് ശ്രീ. പാറക്കൽ അബ്ദുല്ല പറഞ്ഞ മറ്റൊരു കാര്യം. അപകടം സംഭവിക്കുന്നവർക്ക് എം.എ.സി.ടി.-യിൽക്കൂടി ചില ആനുകൂല്യങ്ങൾ ലഭിക്കുമെങ്കിലും അത് വളരെ കാലം കഴിഞ്ഞാണ് ലഭിക്കുന്നത്. പക്ഷെ അവരുടെ കാര്യത്തെക്കുറിച്ച്, ഈ മിഷൻ നിലവിൽ വരുന്ന സമയത്ത് അതിലെതന്നെ ചെറുപ്പക്കാരുടെയും സ്ഥിരം

15-10-2026

Submission

രോഗികളായിട്ടുള്ളവരുടെയും കാര്യം പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. ഞാൻ ആ കണക്ക് വായിക്കാം. ഈ വർഷം 3028 പേരാണ് 09-10-2026 വരെ മരണപ്പെട്ടിട്ടുള്ളത്. സാധാരണ നിരക്കിനെക്കാൾ കുറച്ച് കുറവുണ്ട്. എന്നാൽ 34000 ആളുകൾക്ക് ഗുരുതരമായും 13000 ആളുകൾക്ക് നിസ്സാരമായും പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം (2025-ൽ) 49911 അപകടങ്ങളുണ്ടായതിൽ 3734 ആളുകൾ മരണപ്പെടുകയുണ്ടായി. എന്നാൽ 39000 ആളുകൾക്ക് ഗുരുതരമായി പരിക്കേറ്റു. ഗുരുതരമായി പരിക്കേറ്റവരുടെ കാര്യം മരണപ്പെട്ടവരെപ്പോലെതന്നെ ഗൗരവമായി എടുക്കണമെന്ന അദ്ദേഹത്തിന്റെ പരാമർശത്തെ വളരെ പ്രാധാന്യത്തോടുകൂടി കാണുന്നു. അതുപോലെതന്നെ, പട്ടണങ്ങളിൽ കാൽനടയാത്രക്കാർ ആദ്യവും വാഹനം രണ്ടാമതും എന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. എന്നാൽ ഇന്നത്തെ നമ്മുടെ കൾച്ചർ ആദ്യം വാഹനം പോകട്ടെ എന്നതാണ്. സീബ്രാലൈൻ വീതി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിൽ നാല് മീറ്റർ വീതിയുള്ള സീബ്രാലൈൻ എട്ട് മീറ്റർ വീതിയായി വർധിപ്പിച്ചാൽ ആളുകൾക്ക് കുറച്ചുകൂടി സ്വതന്ത്രമായി കടന്നുപോകുന്നതിന്

സാധിക്കും. ഇതിനുവേണ്ടി കോളേജ്-സ്കൂൾ വിദ്യാർഥികൾ, എൻ.സി.സി., സ്റ്റുഡന്റ് പൊലീസ് കേഡറ്റ്, സ്കൗട്ട് ആൻഡ് ഗൈഡ് എന്നിവരെയും തദ്ദേശ സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, വാർഡ് മെമ്പർമാർ, ഗ്രാമസഭകൾ എന്നിവയെയും പൊതുജനങ്ങളെയും ഒന്നടങ്കം അണിനിരത്തിക്കൊണ്ട് പഴയ സാക്ഷരത ക്യാമ്പയിൻപോലെ വിപുലമായൊരു ക്യാമ്പയിൻ കൊണ്ടുവരുന്നതിനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതോടൊപ്പം എൻഫോഴ്സ്മെന്റ് നടത്തുന്നതിന് പൊലീസിന്റെ സഹായവും അടിയന്തരമായി ആവശ്യമുണ്ടെന്ന് അറിയാം. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

## (10) ചാലിയം ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണം

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, മലപ്പുറം, കോഴിക്കോട് ജില്ലകളുടെ അതിർത്തി പങ്കിടുന്ന പഞ്ചായത്താണ് കടലുണ്ടി പഞ്ചായത്ത്. കടലുണ്ടി പഞ്ചായത്തിൽ, മലബാറിലെതന്നെ വളരെ പ്രധാനപ്പെട്ട മത്സ്യബന്ധന മേഖലയായ ചാലിയത്തെ മത്സ്യത്തൊഴിലാളികളുടെ ദീർഘകാലത്തെ ആവശ്യമാണ് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു

15-10-2026

Submission

ഫിഷ് ലാൻഡിങ് സെന്റർ എന്നത്. വനം വകുപ്പിന്റെ അധീനതയിലുള്ള ചാലിയത്തെ ഭൂമിയിലാണ് നിലവിൽ മത്സ്യബന്ധനവും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം മത്സ്യത്തൊഴിലാളികളും വ്യാപാരികളും ജനങ്ങളും വലിയ പ്രയാസമാണ് ഇവിടെ അനുഭവിക്കുന്നത്. മത്സ്യങ്ങളുടെ ലേലവും വിപണനവും നടത്തുന്നതിനും മത്സ്യങ്ങളുടെ ഗുണനിലവാരം നിലനിർത്തുന്നതിനും ആവശ്യമായ ആധുനിക സൗകര്യങ്ങൾ ചാലിയത്ത് ഒരുക്കേണ്ടത് അത്യാവശ്യമായി കണ്ട് എൽ.ഡി.എഫ്. സർക്കാർ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ആധുനിക ഫിഷ് ലാൻഡിങ് സെന്റർ നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. നിലവിലെ വനം വകുപ്പിന്റെ ഭൂമിയിൽ ഫിഷ് ലാൻഡിങ് സെന്റർ നിർമ്മിക്കുന്നതിനായി വനം വകുപ്പിന് പകരം നൽകേണ്ട ഭൂമി അതായത്, പരിഹാര വനവൽക്കരണത്തിനുള്ള ഭൂമി കണ്ടെത്തുകയും ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണത്തിനായി ബജറ്റിൽ എൽ.ഡി.എഫ്. സർക്കാർ തുക വകയിരുത്തുകയും ചെയ്തിരുന്നു. എന്നാൽ ചില സാങ്കേതിക പ്രശ്നങ്ങൾ

15-10-2026

Submission

ചൂണ്ടിക്കാട്ടി കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്നുള്ള അനുമതി യഥാസമയം ലഭ്യമാകാത്തതുമൂലം നിർമ്മാണത്തിന്റെ തുടർപ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യമുണ്ടായി. ഈ ഘട്ടത്തിൽ, നിലവിൽ മത്സ്യബന്ധന ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്ന വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ നിലവിലുള്ള നിർമ്മിതികൾ ആധുനിക ഫിഷ് ലാൻഡിങ് സെന്ററിന്റെ നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിൽ ആവശ്യമെങ്കിൽ മാത്രം പൊളിച്ചുമാറ്റാമെന്ന വ്യവസ്ഥയിൽ കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിനുവേണ്ട ഇടപെടൽ ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. ഫിഷറീസ് വകുപ്പിനെയും വനം വകുപ്പിനെയും ഏകോപിപ്പിച്ചുകൊണ്ട് മുൻ എൽ.ഡി.എഫ്. സർക്കാർ ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ള ആധുനിക ഫിഷ് ലാൻഡിങ് സെന്ററിന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര ഇടപെടൽ കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

*15-10-2026*

## *Submission*

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): സർ, ചാലിയം ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് 23-12-2025-ലെ ഉത്തരവുപ്രകാരം ലേലപുര, നെറ്റ് മെൻഡിങ് ഷെഡ്, പാർക്കിങ് ഏരിയ, കാന്റീൻ, ശൗചാലയം, കിണർ, ജലസംഭരണി, കടമുറികൾ, ഗേറ്റ്, ഗേറ്റ് ഹൗസ് എന്നിവയുൾപ്പെടെ ചാലിയം മത്സ്യബന്ധന കേന്ദ്രത്തിന്റെ സമഗ്ര വികസന പദ്ധതിക്കായി 17 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ നിർദിഷ്ട പദ്ധതിക്കാവശ്യമായ ഭൂമി നിലവിൽ വനം വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാകയാൽ ടി ഭൂമി കൈമാറി വകുപ്പിന് ലഭ്യമാക്കേണ്ടതുണ്ട്. 25-11-2011-ലെ ഉത്തരവുപ്രകാരം ചാലിയം, ബേപ്പൂർ തോപ്പ് റിസർവിൽ ഫിഷ് ലാൻഡിങ് സെന്റർ, ബോട്ട് യാർഡ് എന്നിവയ്ക്കായി 2.0639 ഹെക്ടർ വനഭൂമി വിട്ടുനൽകുന്നതിനായുള്ള 1980-ലെ വനം കൺസർവേഷൻ ആക്റ്റിലെ സെക്ഷൻ 2 പ്രകാരമുള്ള സ്റ്റേജ്-1 അനുമതി 25-11-2011-ന് അഞ്ച് വർഷത്തേക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് ലഭിക്കുകയും പിന്നീട് 25-10-2016 മുതൽ രണ്ട് വർഷത്തേക്ക് ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. ഈ കാലയളവിൽ കൽപ്പറ്റ,

15-10-2026

Submission

എരഞ്ഞോളി, കുരാച്ചുണ്ട് എന്നിവിടങ്ങളിൽ ബദൽ ഭൂമി കണ്ടെത്തിയിരുന്നുവെങ്കിലും പലവിധ കാരണങ്ങൾ കൊണ്ട് പരിഹാര വനവൽക്കരണം സാധ്യമായില്ല. പിന്നീട് പരിഹാര വനവൽക്കരണത്തിനായി കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചെമ്പനോട് വില്ലേജിൽ കണ്ടെത്തിയ 13.8464 ഹെക്ടർ ഭൂമിയിൽ നിന്നും 2.0369 ഹെക്ടർ ഭൂമി ചാലിയം പദ്ധതിക്കായി ലഭ്യമാക്കുന്നതിന് ധാരണയായിട്ടുണ്ട്. പ്രസ്തുത ഭൂമി റവന്യൂ രേഖകളിൽ സർക്കാർ ഭൂമിയായി രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ReLIS Software-ലെ സാങ്കേതിക തടസ്സംമൂലം സ്റ്റേജ് വൺ അനുമതിയിലെ നിബന്ധനകൾ നിശ്ചിതകാലയളവിനുള്ളിൽ പാലിക്കാൻ സാധിക്കാത്തതിനാൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സ്റ്റേജ് വൺ ക്ലിയറൻസ് 19-01-2024-ൽ റദ്ദാക്കിയ സാഹചര്യത്തിൽ വീണ്ടും സ്റ്റേജ് വൺ ക്ലിയറൻസിനായുള്ള അനുമതി ലഭ്യമാക്കേണ്ടതുണ്ട്. പരിവേഷ് പോർട്ടൽ വഴി പുതുതായി സ്റ്റേജ് വൺ അനുമതി ലഭ്യമാക്കുന്നതിന് ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തുകയും കോഴിക്കോട് ടെറിട്ടോറിയൽ

15-10-2026

Submission

ഡിവിഷൻ ഫോറസ്റ്റ് ഓഫീസ് നിർദേശപ്രകാരം ഫിഷറീസ് വകുപ്പ് 13-06-2025-ൽ പരിവേഷ് പോർട്ടൽ വഴി പുതുതായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലാൻഡിങ് സെന്റർ നിർമ്മിക്കാനുദ്ദേശിക്കുന്ന പരിസരത്ത് താൽക്കാലിക നിർമ്മിതികൾ നിലനിൽക്കുന്നതിനാൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. 26-09-2026-ൽ ചേർന്ന ജില്ലാ വികസനസമിതി യോഗത്തിൽ മേൽപ്പറഞ്ഞ താൽക്കാലിക നിർമ്മിതികൾ പൊളിച്ചു നീക്കുന്നതുമായി ബന്ധപ്പെട്ട് ബേപ്പൂർ നിയോജകമണ്ഡലം എം.എൽ.എ. കൂടിയായ ബഹുമാനപ്പെട്ട ശ്രീ. പി. എ. മുഹമ്മദ് റിയാസ് അവർകളെക്കൂടി ഉൾപ്പെടുത്തി ഈ പ്രദേശത്തെ വിവിധ മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികളുടെ പ്രാദേശിക കമ്മിറ്റി രൂപീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർ അഭിപ്രായപ്പെട്ടിരുന്നു. വനം വകുപ്പിൽനിന്ന് ഭൂമി കൈമാറി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ തുടർനടപടികളുമായി മുന്നോട്ട് പോകാൻ നിർവാഹമുള്ളൂ. പ്രസ്തുത പദ്ധതി പ്രദേശം CRZ (Coastal Regulaton Zone) പരിധിയിൽ ഉൾപ്പെടുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപായി CRZ ക്ലിയറൻസ്

ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതി ഭൂമി എത്രയും പെട്ടെന്ന് കൈമാറി ലഭിക്കുകയും CRZ ക്ലിയറൻസ് ലഭ്യമാകുകയും ചെയ്യുന്ന മുറയ്ക്ക് സാങ്കേതിക അനുമതിയും ടെൻഡർ ഉൾപ്പെടെയുള്ള നടപടികളും പൂർത്തിയാക്കി ചാലിയം ഫിഷ് ലാൻഡിങ് സെന്ററിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

11. <u>ആദിവാസി കുടുംബങ്ങൾക്ക് വീടും കൃഷിഭൂമിയും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. ആര്യാടൻ ഷൗക്കത്ത്</u>: സർ, എന്റെ നിയോജകമണ്ഡലമായ നിലമ്പൂരിൽ 2019-ലുണ്ടായ മഹാപ്രളയത്തിൽ അകപ്പെട്ട് സർവവും നഷ്ടപ്പെട്ട നിരാലംബരായ ആദിവാസി കുടുംബങ്ങൾ വീടും സ്ഥലവും നഷ്ടപ്പെട്ട് ഇപ്പോഴും പ്ലാസ്റ്റിക് ഷീറ്റുകൾക്കകത്ത് കഴിയുകയാണ്. ഇവർക്ക് ജീവിതമാർഗം ലഭിക്കേണ്ടതിന്റെ ആവശ്യകതയിലേക്കടക്കം പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രിയുടെ ഇടപെടൽ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

2019-ലുണ്ടായ കവളപ്പാറ ദുരന്തം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് കരുതുകയാണ്. ഏകദേശം

15-10-2026

Submission

അൻപത്തൊൻപതോളം ജീവനുകൾ നഷ്ടപ്പെട്ടുവെന്ന് മാത്രമല്ല അന്ന് താൽക്കാലിക ഷെഡ്ഡുകളിലേക്ക് മാറ്റിയവരെ ഇപ്പോഴും പൂർണ്ണമായും പുനഃരധിവാസിപ്പിക്കാൻ സാധിച്ചിട്ടില്ലായെന്ന ദയനീയമായ ചിത്രമാണ് നിലമ്പൂരിൽ കാണുന്നത്. കഴിഞ്ഞ ഏഴ് വർഷക്കാലമായി പ്ലാസ്റ്റിക് ഷീറ്റിനുള്ളിൽ കഴിയുന്ന ഇരുന്നൂറോളം കുടുംബങ്ങളുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രിയുടെ ഇടപെടൽമൂലം പരമാവധി ആളുകൾക്ക് സ്ഥലം നൽകാൻ സാധിച്ചിട്ടുണ്ടെങ്കിലും അവർക്ക് എന്നന്നേക്കുമായി ഭവനം നിർമ്മിച്ചു നൽകാൻ ഇതുവരെ സാധിച്ചിട്ടില്ല. അതിനായി കാര്യമായ ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് പ്രധാനമായി പറയാനുള്ളത്.

വനത്തിന് പുറത്തുള്ള വന്യമൃഗശല്യത്തെക്കുറിച്ച് നമുക്കറിയാം. വനത്തിനകത്ത് പ്ലാസ്റ്റിക് ഷീറ്റ് വിരിച്ച് കഴിയുന്ന ഈ കുടുംബങ്ങളിൽ Post Graduation-ന് പഠിക്കുന്ന മക്കൾ വരെയുണ്ട്. അവരുൾപ്പെടെ ആനകളെ പേടിച്ച് കഴിയുകയാണ്. മുള അടിച്ച് പരത്തി കസേരയും മേശയും ഉണ്ടാക്കി

അവിടെ ഇരുന്ന് പഠിക്കുകയാണ്. അതിന് അടിയന്തരമായി ഒരു പരിഹാരമുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഇവരുടെ പ്രധാനമായ വരുമാന മാർഗം വനോൽപ്പന്നങ്ങളാണ്. വനത്തിൽ നിന്ന് ശേഖരിക്കുന്ന വിഭവങ്ങൾ പുറത്ത് വിൽപ്പന നടത്തിയാണ് അവർ ജീവിക്കുന്നത്. പക്ഷെ പലപ്പോഴും അവർ കൊണ്ടു വരുന്ന വനവിഭവങ്ങൾക്ക് ആവശ്യമായ വില ലഭിക്കുന്നില്ല. ഇത് ഇടനിലക്കാർ തട്ടിക്കൊണ്ട് പോകുകയാണ്. അവർ കൊണ്ടുവരുന്ന ഉൽപ്പന്നങ്ങൾ മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി അതിന്റെ പരമാവധി വരുമാനം അവർക്ക് നേരിട്ട് തന്നെ ലഭിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾകൂടി ഉണ്ടാകണം.

ഇവർ കാടിനുള്ളിൽ താമസിക്കുന്നവരാണ്. ഇവരിൽ ഗർഭിണികളായ സ്ത്രീകൾക്ക് അവരുടെ പ്രസവത്തിന് ഒരു മാസം മുമ്പും ശേഷവും പരിചരണം നൽകാനായി 'സഖി' എന്നൊരു പദ്ധതി രൂപീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കായി സ്ഥലം പോലും ലഭിക്കാത്ത സ്ഥിതിയാണുള്ളത്. അതിനാൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിൽ 'സഖി' പദ്ധതിയുമായി ബന്ധപ്പെട്ട് ഇവർക്ക് താൽക്കാലികമായി താമസിക്കാനുള്ള

സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നും വിനീതമായി അപേക്ഷിക്കുന്നു. ഒരു കാര്യം കൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പോത്തുകല്ല് പഞ്ചായത്തിലെ തണ്ടൻകല്ല്, തരിപ്പപ്പെട്ടി പ്രദേശങ്ങളിലെ ആളുകൾക്ക് പകരം ഭൂമി ലഭിക്കാത്ത സ്ഥിതിയുണ്ട്. അക്കാര്യം കൂടി പരിഗണിച്ചുകൊണ്ട് അവരുൾപ്പെടെ പ്രളയത്തിൽ കിടപ്പാടം നഷ്ടപ്പെട്ട മുഴുവൻ ആളുകളെയും പുനരധിവാസിപ്പിക്കുന്ന പദ്ധതിക്ക് പ്രത്യേകമായ ശ്രദ്ധയുണ്ടാകണമെന്ന് വിനീതമായി ഈ സബ്‌മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി (ശ്രീമതി കെ. എ. തുളസി): സർ, കേരളത്തിലെ ആദിവാസി ഗോത്ര സമൂഹത്തോടും പട്ടകജാതി വിഭാഗങ്ങളോടും പ്രതിബന്ധത വച്ച് പുലർത്തുന്ന സർക്കാരാണ് കേരളത്തിൽ 2026 മെയ് മാസത്തിൽ അധികാരത്തിലേറിയത്. അതുകൊണ്ട് തന്നെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച നിലമ്പൂരിലെ കഷ്ടത അനുഭവിക്കുന്ന നിരാലംബരായ ആദിവാസി കുടുംബങ്ങളുടെ ആവശ്യങ്ങളോട് ഏറ്റവും അനുതാപപൂർണ്ണമായ നടപടികൾ സ്വീകരിക്കാൻ പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുന്നതാണ്.

*15-10-2026*

*Submission*

ബഹുമാനപ്പെട്ട അംഗമുന്നയിച്ച പ്രധാനപ്പെട്ട വിഷയം, 2019-ലെ പ്രളയത്തിൽ ചാലിയാർ പുഴയുടെ സമീപത്തുള്ള വാണിയമ്പുഴ, തരിപ്പപ്പെട്ടി, ഇരുട്ടുകുത്തി, കുമ്പളപ്പാറ എന്നീ ഉന്നതികളിൽ വെള്ളം കയറിയതിനെത്തുടർന്ന് അവിടത്തെ താമസക്കാർ വനത്തിനകത്തെ ഉയർന്ന പ്രദേശങ്ങളിലേക്ക് മാറിത്താമസിക്കുകയുണ്ടായി. പ്രളായനന്തര സാഹചര്യത്തിൽ വാണിയമ്പുഴ, തരിപ്പപെട്ടി ഉന്നതികളിലെ കുടുംബങ്ങൾ പഴയ താമസസ്ഥലത്തേക്ക് മടങ്ങിപ്പോകുന്നതിന് വിമുഖത പ്രകടിപ്പിക്കുകയും നിലവിൽ താമസിച്ചുവരുന്ന ഉയർന്ന പ്രദേശങ്ങളിൽ തന്നെ ഭൂമി സ്ഥിരപ്പെടുത്തി നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് നിലവിൽ താമസിച്ചു വരുന്ന സ്ഥലത്ത് വനാവകാശം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. മലപ്പുറം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ജില്ലാതല വനാവകാശ സമിതിയുടെ യോഗ തീരുമാനപ്രകാരം 41 കുടുംബങ്ങൾക്ക് നിലവിൽ താമസിക്കുന്ന സ്ഥലത്ത് വനാവകാശം അനുവദിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 39 കുടുംബങ്ങൾക്ക് Record of Rights (RoR) തയ്യാറാക്കി വിതരണം

ചെയ്തിട്ടുമുണ്ട്. മരണപ്പെട്ട രണ്ട് ഗുണഭോക്താക്കളുടെ അനന്തരാവകാശികൾക്ക് വനാവകാശം കൈമാറ്റം ചെയ്യുന്നതിനുള്ള നിയമാനുസൃതമായ നടപടികളും പുരോഗമിച്ചു വരുകയാണ്. 2019-ലെ പ്രളയത്തിൽ ദുരിതബാധിതരായ വാണിയമ്പുഴ ഉന്നതി നിവാസികളുടെ പുനരധിവാസത്തിനായി റീ ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി റവന്യൂ വകുപ്പു മുഖേന ആദ്യഘട്ട ധനസഹായമായി വിതരണം ചെയ്തത് 36,70,000/- രൂപയാണ്. വാണിയമ്പുഴ, തരിപ്പപ്പെട്ടി ഉന്നതികളിലെ 41 കുടുംബങ്ങൾക്ക് വനാവകാശം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായ സാഹചര്യത്തിൽ പ്രസ്തുത 41 കുടുംബങ്ങൾക്കായി 2,46,00,000/- രൂപ അനുവദിച്ച വിവരം ബഹുമാനപ്പെട്ട അംഗത്തെയും സഭയെയും വളരെ സന്തോഷത്തോടെ അറിയിക്കുകയാണ്.

2026-27 ബജറ്റ് പ്രസംഗത്തിൽ അളയ്ക്കൽ-പുഞ്ചക്കൊല്ലി പാലത്തിന്റെ നിർമ്മാണപ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ഏകദേശം എട്ടരക്കോടി രൂപയുടെ പ്രവൃത്തിക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിൽ അന്തിമഘട്ടത്തിലാണ്. കുടിവെള്ളം, ശുചിത്വം,

15-10-2026

Submission

ഗതാഗതം, വനാവകാശരേഖകൾ, ഭവനനിർമ്മാണം, വൈദ്യുതി തുടങ്ങിയ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ശേഷിക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗ വികസനവകുപ്പ്, വനം വകുപ്പ്, റവന്യൂ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി. തുടങ്ങിയ ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപനം നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുകയാണ്. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി, വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം, സഞ്ചരിക്കുന്ന മൊബൈൽ മെഡിക്കൽ ക്ലിനിക്ക്, കരുളായി ആയുർവേദ ഡിസ്പെൻസറി, ജനനി ജന്മരക്ഷാ ഫുഡ് സപ്പോർട്ട് പദ്ധതി തുടങ്ങിയവ വഴി പോഷകാഹാരക്കുറവ് പരിഹരിക്കുകയും ആരോഗ്യം സംരക്ഷിക്കുകയും ചെയ്തുവരുന്നുണ്ട്. വന്യമൃഗ ശല്യം ഒഴിവാക്കി പട്ടികവർഗക്കാർക്ക് സംരക്ഷണം ഒരുക്കുന്നത് സംബന്ധിച്ച് വകുപ്പ് തദ്ദേശസ്വയംഭരണം, വനം വകുപ്പുകളുമായി ബന്ധപ്പെട്ട് സാധ്യമായ മുൻകരുതലുകൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി തണ്ടൻകല്ല് ഉന്നതി

15-10-2026

Submission

അതിർത്തിയിൽ ആന മതിൽ, എലിഫന്റ് ഫെൻസിങ് എന്നിവ വനം വകുപ്പുവഴി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. മറ്റിടങ്ങളിൽ ഇലക്ട്രിക് ഫെൻസിങ്  ചെയ്യുന്നതിനുള്ള നടപടികളും വനം വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.  മലപ്പുറം ജില്ലയിൽ വനാവകാശ നിയമം 2006 പ്രകാരം വ്യക്തിഗത വനാവകാശങ്ങൾ അനുവദിക്കുന്നതിനും അവകാശ രേഖകൾ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ തുടർന്ന് വരുകയാണ്. ജില്ലാതല സമിതിയുടെ അംഗീകാരം ലഭിച്ച 1009 അപേക്ഷകളിൽ 971 പേർക്ക് RoR(റെക്കോർഡ് ഓഫ് റൈറ്റ്സ്) വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് രേഖകൾ വിതരണം ചെയ്യുന്നതിനും മറ്റ് അനുബന്ധ നടപടികൾ പൂർത്തിയാക്കുന്നതിനായുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ജില്ലയിലെ നിക്ഷിപ്ത വനഭൂമിയുടെ വിതരണ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 570 പട്ടികവർഗ ഗുണഭോക്താക്കൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഭൂമി വിതരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ രണ്ടാംഘട്ട ഭൂമി വിതരണം നടപ്പാക്കാൻ

സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും അനുമതി ലഭ്യമായാൽ 144 പ്ലോട്ടുകൾകൂടി അനുവദിച്ച് നൽകാൻ സാധിക്കുന്നതാണ്. വാണിയമ്പുഴ, കരിപ്പാപ്പട്ടി ഉന്നതികളിലെ നിലമ്പൂർ നിയോജക മണ്ഡലത്തിലെ 41 കുടുംബങ്ങൾക്കായി വീടുകൾക്ക് 6 ലക്ഷം രൂപ നിരക്കിൽ 2.46 കോടി രൂപ അനുവദിച്ചതിന് പുറമെ ചുങ്കത്തറ പഞ്ചായത്തിൽ പ്രാക്തന ഗ്രോത്ര വർഗക്കാർക്കായി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 2.46 കോടി രൂപയുടെ ഭരണാനുമതിയും റോഡ് നിർമ്മാണത്തിനായി 2.13 കോടി രൂപയുടെ ഭരണാനുമതിയും വാണിയമ്പുഴയിലെ കരിപ്പാപ്പട്ടി, കുമ്പളപ്പാറ ഉന്നതികളിലേക്കുള്ള പാലം നിർമ്മാണത്തിന് 6.25 കോടി രൂപയുടെ ഭരണാനുമതിയും ഇതുവരെ നൽകിയിട്ടുണ്ട്. നിലമ്പൂർ നിയോജക മണ്ഡലത്തിലെ പ്രളയ ബാധിതരായ പട്ടികവർഗ കുടുംബങ്ങളുടെ ശാശ്വതമായിട്ടുള്ള പുനഃരധിവാസം, ഭവന നിർമ്മാണം, വനാവകാശ രേഖകളുടെ വിതരണം, റോഡ് വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത എന്നിവ ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ നടപടികൾ ഊർജിതമായി സ്വീകരിച്ച് വരികയാണ്. പ്രളയത്തിൽ തകർന്ന നിലമ്പൂരിലെ

*15-10-2026*

## *Submission*

പ്രാക്തന ഗോത്രവർഗത്തിലെ ദുരിതമനുഭവിക്കുന്ന ജനതയോടൊപ്പമാണ് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ നയിക്കുന്ന യു.ഡി.എഫ്. സർക്കാർ. അതിനനുസൃതമായിട്ടുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.